# ഞാൻ എങ്ങനെ കണ്ടു സഹിക്കും?

പ്രൊഫ. എം. വൈ.  യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി -  682 311

# ഞാൻ എങ്ങനെ കണ്ടു സഹിക്കും?

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി - 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

E - mail : profmyyohannan@crfgospel.org

Website : www.crfgospel.org

●

Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി - 682 311

●

DTP

PAUL A. ABY

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

Layout & Printing

Merin Graphics, Edappally, Kochi- 24

E-mail: meringraphics@gmail.com

*copy right reserved*

# ആമുഖം

പ്രശസ്ത സ്കോട്ടിഷ് പ്രബന്ധകാരനായ തോമസ് കാർലൈൽ വിവാഹം കഴിച്ചത് അദ്ദേഹത്തിന്റെ സെക്രട്ടറിയായ ജെയ്ൻ വെൽഷിനെയാണ്. ഭാര്യ രോഗിയായത് ഗൗനിക്കാതെ പിന്നെയും ജോലി ചെയ്തുകൊണ്ടിരിക്കാൻ കാർലൈൽ നിഷ്ക്കർഷിച്ചു. തന്റെ ജോലിയിൽ അത്രമാത്രം ശ്രദ്ധയും താത്പര്യവുമുള്ള ആളായിരുന്നു കാർലൈൽ. അതുകൊണ്ടാണ് സ്വന്തം ഭാര്യയുടെ രോഗം അദ്ദേഹത്തെ അത്ര അലോസരപ്പെടുത്താതിരുന്നത്.

രോഗം കാൻസർ ആയിരുന്നു. താമസിയാതെ കിടപ്പിലായി. ഭാര്യയെ സ്നേഹമായിരുന്നെങ്കിലും രോഗിയായ പ്രാണപ്രേയസിയുടെ അരികിൽ ഇരിക്കാനോ സ്നേഹമസൃണമായ വാക്കുകൾ പറയാനോ കാർലൈൽ അത്ര തന്നെ ശ്രദ്ധിച്ചില്ല.

ഒടുവിൽ ഭാര്യ മരിച്ചു. ശവസംസ്ക്കാരത്തിനുശേഷം

ഭാര്യയുടെ മുറിയിൽ അദ്ദേഹം കുറെനേരം ഇരുന്നു. മേശപ്പുറത്തിരുന്ന ഡയറി മറിച്ചുനോക്കിക്കൊണ്ടിരുന്നപ്പോൾ, ഒരു പേജിൽ ഒരു വാക്യം എഴുതിയിരിക്കുന്നത് കണ്ടു: "Yesterday he spent an hour with me and it was like a Heaven. I love him so much." (ഇന്നലെ അദ്ദേഹം എന്നോടൊത്ത് ഒരു മണിക്കൂർ ഉണ്ടായിരുന്നു. അതെനിക്ക് സ്വർഗ്ഗം ലഭിക്കുന്ന പ്രതീതിയാണുളവാക്കിയത്. ഞാനദ്ദേഹത്തെ എത്രമാത്രം സ്നേഹിക്കുന്നു എന്നോ!)

കാർലൈൽ വിഷാദ വിമൂകനായി തരിച്ചിരുന്നുപോയി. ജോലിത്തിരക്കിൽ രോഗഗ്രസ്തയായ ജീവിതസഖിയെ അവഗണിച്ചതെത്ര കഷ്ടമായിപ്പോയി എന്നദ്ദേഹം ഓർത്തു. അവളുടെ വേദനയിൽ ഒന്നു പങ്കുചേർന്ന് സഹതപിച്ചില്ലല്ലൊ. അവൾക്കൊരിറ്റുസ്നേഹം കൊടുത്തില്ലല്ലൊ. ഇനി തിരുത്താനാവില്ലല്ലോ. കാർലൈൽ വിതുമ്പി.

അടുത്ത ചില പേജുകളിൽ എഴുതിയിരിക്കുന്നു.: "I have listened all day to hear his steps in the hall, but now it is late and I guess he will not come today." (അടുത്ത മുറിയിൽ കൂടിയുള്ള അദ്ദേഹത്തിന്റെ കാലൊച്ച ഞാൻ കാതോർത്ത് ഒരു ദിവസം മുഴുവൻ കിടന്നു. ഇന്നിപ്പോൾ നേരമേറെയായല്ലൊ. ഇന്നിനി അദ്ദേഹം വരികയില്ലെന്നു തോന്നുന്നു.")

കാർലൈൽ ഡയറി മേശപ്പുറത്തു വെച്ചിട്ട് വീട്ടിൽ നിന്ന് പുറത്തേക്ക് ഓടി. അദ്ദേഹത്തിന്റെ സ്നേഹിതന്മാർ പിന്നെ അദ്ദേഹത്തെ കണ്ടത്, ഭാര്യയുടെ ശവകുടീരത്തിനരികിൽ ചെളിയും മണ്ണും പുതഞ്ഞ് കിടക്കുന്നതാണ്. കണ്ണുകൾ കരഞ്ഞ് ചുവന്ന്, ഏങ്ങലടിച്ച്, കണ്ണുനീർ ധാരധാരയായ് ഒഴുകിക്കൊണ്ടിരുന്ന കാർലൈൽ ഇടയ്ക്ക് പുലമ്പുന്നുണ്ടായിരുന്നു,! "If only I had known, if only I had honour." (ഞാൻ ഒട്ടും

അറിഞ്ഞില്ലല്ലോ. ഞാൻ തെല്ലും അറിഞ്ഞില്ലല്ലൊ.)

ജെയ്ന്റെ നിര്യാണത്തിനുശേഷം കാർലൈൽ കാര്യമായിട്ടൊന്നും എഴുതിയില്ല.

ഹൃദയസ്പർശിയായ ഈ സംഭവം വായിച്ചപ്പോൾ എന്റെ മനസ്സിൽക്കൂടെ തിരതല്ലികടന്നുപോയ ചിന്തകൾ ചിറകുവെച്ചതാണ് എസ്ഥേർ എന്ന ബൈബിൾ ഗ്രന്ഥത്തിനൊരാഖ്യാനമെഴുതണമെന്ന ആഗ്രഹം . ചെയ്യാൻ പറ്റുന്ന കാലത്ത് ഏറ്റവും നല്ലത് ഒട്ടും വൈകാതെ ചെയ്യുക. പാപത്തിന്റെയും പിശാചിന്റെയും കെണിയിൽപ്പെട്ടുഴലുന്ന അനേകമനേകമാളുകൾക്ക് വിമോചനമരുളുവാൻ മനസ്സുള്ള ക്രിസ്തുവിനെ ഏവർക്കും കാണിച്ചു കൊടുക്കുക. ക്രിസ്തുവിലേക്കുള്ള ഒരു ചൂണ്ടു പലകയായി ആയുസ്സും ആരോഗ്യവും ഉള്ളിടത്തോളം കാലം നിൽക്കുക.

എസ്ഥേറിന് ആവേശം പകർന്നത്, “നീ ഈ സമയത്ത് മിണ്ടാതിരുന്നാൽ യഹൂദന്മാർക്ക് മറ്റൊരു സ്ഥലത്തുനിന്ന് ഉദ്ധാരണവും രക്ഷയും ഉണ്ടാകും. എന്നാൽ നീയും നിന്റെ പിതൃഭവനവും നശിച്ചുപോകും.” എന്ന മൊർദ്ദെഖായിയുടെ വാക്കുകളാണ്. അപ്പോൾ ഹൃദയത്തിൽ നിന്നുയർന്ന സമർപ്പണമാണ്, “എന്റെ ജനത്തിനുവരുന്ന നാശം ഞാൻ എങ്ങനെ കണ്ടു സഹിക്കും.” എന്ന വികാര തീവ്രമായ വാക്കുകൾ.

ഒരു മനോഹരമായ കവിതയുണ്ട്. അതിന്റെ ആശയം ഏതാണ്ടിങ്ങനെയാണ്. ഒരു സന്ധ്യാസമയം സൂര്യൻ എല്ലാ ജീവജാലങ്ങളെയും വിളിച്ചുകൂട്ടിപ്പറഞ്ഞു: “ഇത്രയും സമയം ഞാൻ ഈ ഭൂമിയെ പ്രകാശിപ്പിച്ചു. ഞാനിനി ഒരല്പം വിശ്രമിക്കട്ടെ. നിങ്ങളാരെങ്കിലും വരൂ. ഈ ഭൂമിയിലെ അന്ധകാരം മാറ്റൂ.” ആരുമൊന്നും മിണ്ടിയില്ല. സൂര്യൻ പിന്നെയും തന്റെ

ആഗ്രഹം ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു.

അപ്പോൾ ഒരു മിന്നാമിനുങ്ങ് പറന്നുവന്നു. "ഭഗവാനേ, അങ്ങയെപ്പോലെ പ്രകാശം വിതറാൻ ഞങ്ങളാരെക്കൊണ്ടു മാവില്ല. എന്നാൽ എനിക്കൊരിത്തിരിവെട്ടമുണ്ട്. ഒരു ചുറ്റു വട്ടത്തിൽ മാത്രം പറക്കാൻ എനിക്കുകഴിയും. ഞാൻ ഇവിടെ അല്പം സ്ഥലത്ത് പറന്നുനടന്ന് എന്റെ ഈ നേരിയ പ്രകാശം ഇവിടെ പരത്താം. എന്നാലാവത് ഞാൻ ചെയ്യാം."

എനിക്കുമതെ പറയാനുള്ളൂ. യേശുക്രിസ്തുവിനെ ലോകത്തിന് കാണിച്ചുകൊടുപ്പാൻ എന്നാലാവതുചെയ്യാൻ ഞാനുറച്ചിരിക്കയാണ്. ദുഷ്ടപ്പിശാചിന്റെ പ്രതിരൂപമായ ഹാമാൻ അവിശ്വാസത്തിന്റെ കൊടുങ്കാറ്റഴിച്ചുവിട്ടാലും "പാതാള ഗോപുരങ്ങൾ ജയിക്കയില്ല." എന്ന് യേശുക്രിസ്തു പറഞ്ഞ സത്യവിശ്വാസത്തിന്റെ സമൂഹം പാറപോലെ ഉറച്ചു നിൽക്കും. വീരന്മാർ പട്ടുപോയ പാത മുക്കുവന്മാർ നേടി യെടുത്ത ക്രൂശിന്റെ വഴിയാണ്. അനേകർ ക്രൂശിന്റെ ശത്രു ക്കളായി മാറുമ്പോൾ ക്രൂശിന്റെ സാക്ഷികളായി നമുക്കുറച്ചു നിൽക്കാം.

ഈ ലഘുഗ്രന്ഥത്തിന്റെ പാരായണം മൂലം നിങ്ങൾക്കേ വർക്കും നവോന്മേഷവും പുത്തനുണർവ്വും സർവ്വശക്തൻ പ്രദാനം ചെയ്യട്ടെ എന്നാശംസിച്ചുകൊണ്ട്,

നിങ്ങളുടെ എളിയ സഹോദരൻ,

കടയിരുപ്പ്

**എം.വൈ. യോഹന്നാൻ**

3-5-2010

## ഒന്ന്

എസ്ഥേറിന്റെ പുസ്തകത്തിന്റെ ഒരു വ്യാഖ്യാനമായി പരിഗണിക്കാവുന്ന ഒരു കവിതാശകലം ജെയിംസ് റസ്സൽ ലോവൽ രചിച്ചിട്ടുണ്ട്.

“Careless seems the great avenger,
History’s pages but record
One death grapple in the darkness,
twist old systems and the Word.
Truth for ever on the scaffold,
wrong for ever on the throne,
But that scaffold sways the future,
and behind the dim unknown
Standeth God, within the shadow
keeping watch above his own.”

വേദപുസ്തകത്തിൽ ദൈവം എന്ന പദപ്രയോഗം ഒരി

ടത്തും ഇല്ലാത്ത പുസ്തകമാണ് എസ്ഥേർ. സുന്ദരമായ ഒരു കഥാഖ്യാനമാണിത്. കഥയുടെ ചുരുൾ നിവരുമ്പോൾ നിത്യനായ ദൈവത്തിന്റെ അത്ഭുതകരം തക്കസമയത്ത് താങ്ങുകയും രക്ഷിക്കുകയും ചെയ്യുന്നത് കാണാം. ദൈവവചനത്തിന്റെ മാസ്മരശക്തി, പ്രാർത്ഥനയ്ക്കുത്തരമരുളുന്ന ദൈവത്തിന്റെ കരുണ എന്നിവയാണ് എസ്ഥേറിലെ പ്രധാനവിഷയം.

വിശുദ്ധ വേദപുസ്തകം ദൈവത്തിന്റെ പരിശുദ്ധാത്മാവ് രചിച്ചിട്ടുള്ള മഹദ്ഗ്രന്ഥമാണ്. "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണ്." കാലാകാലങ്ങളിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് വിശുദ്ധന്മാരിൽ ആവസിച്ച് നൽകിയ സ്വർഗ്ഗീയ രഹസ്യങ്ങളാണ് തിരുവചനം.

ചരിത്രഗ്രന്ഥങ്ങൾ, കാവ്യഗ്രന്ഥങ്ങൾ, പ്രവചനഗ്രന്ഥങ്ങൾ എന്ന് മൂന്നുവിധത്തിൽ വേദപുസ്തക ഗ്രന്ഥങ്ങളെ തരംതിരിക്കാം. ചരിത്രഗ്രന്ഥങ്ങളിൽ രൂത്ത്, എസ്ഥേർ എന്നീ ഗ്രന്ഥങ്ങൾ നോവൽ എന്ന സാഹിത്യശാഖയുടെ പ്രാക്തനരൂപങ്ങളാണ്. അവ കഥാഗ്രന്ഥങ്ങളാണ്.

ബൈബിളിലെ 66 പുസ്തകങ്ങളിലും കേന്ദ്രബിന്ദു യേശുക്രിസ്തു ആണ്. താഴെ പറയുന്ന വിധത്തിൽ ക്രിസ്തുവിനെ വേദപുസ്തകഗ്രന്ഥങ്ങളിൽ സംഗ്രഹിച്ചിരിക്കുന്നു.

| | | |
|---|---|---|
| ഉല്പത്തി | – | സ്ത്രീയുടെ സന്തതി |
| പുറപ്പാട് | – | പെസഹാക്കുഞ്ഞാട് |
| ലേവ്യാ പുസ്തകം | – | പാപപരിഹാരബലി |
| സംഖ്യാപുസ്തകം | – | അടിക്കപ്പെട്ട പാറ |

| | | |
|---|---|---|
| ആവർത്തന പുസ്തകം | – | പ്രവാചകൻ |
| യോശുവ | – | യഹോവയുടെ സൈന്യത്തിന്റെ അധിപതി |
| ന്യായാധിപന്മാർ | – | വിമോചകൻ |
| രൂത്ത് | – | സ്വർഗ്ഗീയ വീണ്ടെടുപ്പുകാരൻ |
| ശമുവേൽ രാജാക്കന്മാർ ദിനവൃത്താന്തം | – | വാഗ്ദത്തം ചെയ്യപ്പെട്ട രാജാവ് |
| എസ്രാ, നെഹമ്യാവ് | – | ദേശത്തിന്റെ ഉദ്ധാരകൻ |
| എസ്ഥേർ | – | അഭിഭാഷകൻ |
| ഇയ്യോബ് | – | എന്റെ വീണ്ടെടുപ്പുകാരൻ |
| സങ്കീർത്തനങ്ങൾ | – | എന്റെ സർവ്വസ്വവും |
| സദൃശവാക്യങ്ങൾ | – | എന്റെ മാതൃക |
| സഭാപ്രസംഗി | – | എന്റെ ലാക്ക് |
| ഉത്തമഗീതം | – | സംതൃപ്തി നൽകുന്നവൻ |
| പ്രവാചകന്മാർ | – | വരുവാനിരിക്കുന്ന സമാധാനപ്രഭു |
| സുവിശേഷങ്ങൾ | – | അന്വേഷിച്ച് രക്ഷിക്കുന്നവൻ |
| അപ്പോസ്തല പ്രവൃത്തികൾ | – | ഉയിർത്തെഴുന്നേറ്റ ക്രിസ്തു |
| ലേഖനങ്ങൾ | – | പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്ന യേശുക്രിസ്തു |
| വെളിപ്പാട് | – | മടങ്ങിവന്ന് ഭരിക്കുന്ന ക്രിസ്തു |

ദൈവവചനമാണ് നമ്മെ നിലനിർത്തുന്നത്. വചനമാണ് നമുക്ക് ശക്തി തരുന്നത്.

നിങ്ങൾ വചനം വായിക്കുമ്പോൾ വചനം നിങ്ങളുടെ ശരീരത്തിലൂടെ ഒഴുകിക്കൊണ്ടിരിക്കും. നിങ്ങളുടെ ശരീരത്തിന്റെ സിരകളിലൂടെ വചനം ഒഴുകിക്കൊണ്ടിരിക്കുമ്പോൾ നിങ്ങളുടെ ആരോഗ്യം പോലും വർദ്ധിക്കും. നിങ്ങളുടെ ബുദ്ധി വികസിക്കും. ഓർമ്മ ശക്തി തെളിയും. കാരണം വചനം ജീവനാണ്. വചനം ശക്തിയാണ്. വചനം അത്ഭുതകരമായ ഒരു പ്രതിഭാസമാണ്. നിങ്ങൾ വചനം വായിക്കണം. ഒരു സെക്കൻഡു പോലും നിങ്ങൾ കളയരുത്. വേദപുസ്തകം വായിക്കണം. വേദപുസ്തകം ആളുകൾ മരിച്ചുകിടക്കുമ്പോൾ തലയ്ക്കൽ വായിക്കാനുള്ള പുസ്തകമല്ല. അതൊരു ചടങ്ങു മാത്രം. വേദപുസ്തകം നാം നിരന്തരം വായിക്കേണ്ട പുസ്തകമാണ്.

വേദപുസ്തകം കൃത്യമായും ക്രമമായും വായിക്കണം. അതു ഒരു ശീലമാക്കണം. നമ്മുടെ പല കുടുംബങ്ങളിലും വേദപുസ്തക വായനയില്ല. വേദപുസ്തകം നിങ്ങൾ വായിക്കുമ്പോൾ ധ്യാനിച്ച് ഗ്രഹിച്ചു വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങളുടെ ശരീരത്തിൽ പോലും സുഖം കിട്ടും.

പന്ത്രണ്ടുവർഷം രക്ത വാർച്ചയുള്ള സ്ത്രീ യേശുവിന്റെ വസ്ത്രത്തിൽ തൊട്ടു, രോഗം മാറി. നിങ്ങൾ തിരുവചനം വായിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ നിങ്ങൾക്കും ഇത് അനുഭവിക്കാം. അന്ന് ആ സ്ത്രീ യേശുവിന്റെ തിരുശരീരത്തിലുള്ള, തിരുവസ്ത്രത്തിന്റെ തങ്കത്തൊങ്ങലു തൊട്ടപ്പോൾ അവൾക്കു സൗഖ്യം ലഭിച്ചു.

അതേ യേശു ഇന്നും ജീവിക്കുന്നു. യേശു ജീവി

ക്കുന്നുണ്ടെങ്കിൽ എനിക്ക് ഒരു അടയാളം തരണമേ എന്ന് നിങ്ങൾ പ്രാർത്ഥിക്കണം. യേശു ജീവിക്കുന്നുണ്ടെങ്കിൽ കർത്താവേ ഇന്നു എന്നെ നീ തൊടണമേ എന്ന് പ്രാർത്ഥിക്കൂ. ഇന്നു നിന്റെ ആണിപ്പാടുള്ള കരം എന്നെ തൊടണമേ കർത്താവേ. എന്റെ ശരീരത്തിന്റെ വേദനയുള്ള ഭാഗത്ത് തൊടണമേ. എന്റെ ശരീരത്തിൽ രോഗമുള്ള ഭാഗത്ത് തൊടണമേ. എന്റെ ഹൃദയത്തിലുള്ളതായ നൊമ്പരങ്ങൾ മാറ്റണമേ. എന്റെ മനസ്സിലുള്ള വീർപ്പുമുട്ടലുകളിൽ തൊടണമേ. എന്റെ അലട്ടുന്ന പ്രശ്നങ്ങളിൽ തൊടണമേ. എന്റെ കടഭാരത്തിൽ ഒന്ന് തൊടണമേ എന്ന് പ്രാർത്ഥിക്കൂ.

പലരും കടത്തിൽ വീർപ്പുമുട്ടി കഴിയുന്നു. ഒരുവിധത്തിലും തീർക്കാൻ പറ്റുന്നില്ല. തീർക്കണം, തീർക്കണം എന്ന് വിചാരിക്കുന്നുണ്ട്, ആഗ്രഹിക്കുന്നുണ്ട് പക്ഷേ പറ്റുന്നില്ല. എന്നാൽ, ഇത് വായിക്കുമ്പോൾ മാത്രമല്ല നിങ്ങൾ തിരുവചന ശുശ്രൂഷയിൽ പങ്കെടുക്കുമ്പോഴും അത് ഒരു വിഷയമായി കർത്താവിന്റെ പാദപീഠത്തിൽ വച്ചുകൊണ്ടിരിക്കണം.

കർത്താവേ, എന്റെ കടത്തിൽ നീ തൊടണമേ എന്ന് നിങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. അല്ല നിങ്ങളുടെ പരീക്ഷയുടെ കാര്യമാണോ? അതല്ലെങ്കിൽ നിങ്ങളുടെ പഠിത്തത്തിന്റെ കാര്യമാണോ? നിങ്ങളുടെ വിവാഹത്തിന്റെ കാര്യമാണോ? നിങ്ങൾക്കു കുഞ്ഞില്ലാത്ത കാര്യമാണോ? നിങ്ങൾക്ക് ഒരു ജോലി ഇല്ലാത്ത കാര്യമാണോ? നിങ്ങൾക്ക് ഇതുവരെയും കരേറ്റം കിട്ടാത്ത കാര്യമാണോ, വിശ്വസ്തതയോടെ , കാര്യക്ഷമതയോടെ ജോലി സ്ഥലത്തു നില്ക്കാൻ പറ്റുന്നില്ല എന്നുള്ള കാര്യമാണോ? ഏതാണ് നിങ്ങൾ വലയുകയും വിഷമിക്കുകയും ചെയ്യുന്ന കാര്യം, അത് നിങ്ങൾ തിരുവചനം കേട്ടുകൊണ്ടിരിക്കുമ്പോഴും വായിച്ചുകൊണ്ടിരിക്കു

മ്പോഴും കർത്താവിന്റെ കരങ്ങളിലേക്ക് കൊടുക്കണം. നിങ്ങൾ വിഷമിക്കുന്ന പ്രശ്നം കർത്താവിലേക്ക് കൊടുത്താൽ അതിൽ കർത്താവ് തൊടും. കാരണം യേശു ജീവിക്കുന്നു.

നിങ്ങൾ ഇത്രയെങ്കിലും വിശ്വസിക്കണം, യേശു ജീവിക്കുന്നു. ഒരു കാര്യം കൂടി വിശ്വസിക്കണം, യേശു എന്നെ സ്നേഹിക്കുന്നു. ഞാൻ ചെയ്ത പാപങ്ങളോ? കർത്താവിനറിയാമല്ലോ എന്നിട്ടും കർത്താവ് എന്നെ സ്നേഹിക്കുമോ?

സ്നേഹിതാ, യേശുക്രിസ്തു സ്നേഹിക്കുന്നവനാണ്. യേശു ക്ഷമിക്കുന്നവനാണ്, യേശു മറക്കുന്നവനാണ്. യേശു മറച്ചുതരുന്നവനാണ്, ആരുടെയും മുമ്പിൽ വെളിപ്പെടുത്തുകയില്ല. കർത്താവ് നിങ്ങളെ പരസ്യമായി ചോദ്യം ചെയ്യുകയില്ല. നിങ്ങളെ തരം താഴ്ത്തുകയില്ല. മനുഷ്യൻ തരം താഴ്ത്തും.

മനുഷ്യൻ നിങ്ങളുടെ കുറവുകൾ ഉള്ളത് ചൂണ്ടിക്കാണിച്ച് പൊക്കിപ്പിടിക്കും. ഇല്ലാത്ത കുറവുകൾ പറഞ്ഞെന്നുവരും. യേശു നിങ്ങളുടെ കുറവുകളെ ചൂണ്ടിക്കാ ണിച്ച് നിങ്ങളെ വേദനിപ്പിക്കുകയില്ല, നിങ്ങളെ മുറിപ്പെടുത്തുകയില്ല. യേശു നിങ്ങളുടെ ഹൃദയത്തിലേക്ക് കടന്നുവന്ന് നിങ്ങൾക്ക് ആശ്വാസം തരും. യേശു ജീവിക്കുന്നു.

എസ്ഥേർ എന്ന പുസ്തകം ഒരു ചെറിയ കഥാപുസ്തകമാണ്. ദൈവം എന്നൊരു വാക്ക് ഇതിൽ കാണുകയില്ല. പക്ഷേ ദൈവത്തിന്റെ വഴികൾ ഇതിൽ കണ്ട് നാം അത്ഭുതപ്പെടും. ബൈബിളിൽ ദൈവം എന്ന ഒരു പദപ്രയോഗം ഇല്ലാത്ത ഒരേ ഒരു പുസ്തകം എസ്ഥേറിന്റെ പുസ്തകമാണ്. അതുകൊണ്ട് പണ്ടുകാലത്ത് വേദപണ്ഡിതന്മാർ പറഞ്ഞു ഇത്

കാനോനികമായി സ്വീകരിക്കാൻ പറ്റുകയില്ല എന്ന്. ദൈവത്തെ കുറിച്ച് പറഞ്ഞിട്ടില്ല എന്ന് ചിന്തിച്ചുകൊണ്ട് ഇത് ബൈബിളിൽ നിന്ന് മാറ്റേണ്ട പുസ്തകമാണ് എന്നു വാദിച്ച പണ്ഡിതന്മാരുണ്ട്. പക്ഷേ ഇതിൽ നിറയെ ദൈവത്തിന്റെ കരുതലും ദൈവത്തിന്റെ കൈകളും ദൈവത്തിന്റെ പ്രവർത്തനവും ആണ് കാണുന്നത്.

പ്രാർത്ഥിക്കുന്നവരുടെ നേരെ കരുണ ചൊരിയുന്ന ദൈവത്തെ ആണ് ഈ പുസ്തകത്തിൽ കാണുന്നത്. ഈ പുസ്കതത്തിലെ ആഴമായ സന്ദേശം കഷ്ടതയും എതിർപ്പുകളും, ശക്തമായ ആക്രമണവും വരുന്നത് ഏറ്റവും നല്ലത് എന്നതാണ്. അവ ഉത്സവത്തിന്റെ മുന്നോടിയാണ് എന്നതാണ്. കഷ്ടപ്പാടും, ദുരിതങ്ങളും മറ്റുള്ളവരിൽ നിന്നുള്ള കുത്തിത്തിരിപ്പുകളും എതിർപ്പുകളും പ്രശ്നങ്ങളും വരുന്നത് വരാൻ പോകുന്ന ഉത്സവത്തിന്റെ മുന്നോടിയാണ്.

എസ്ഥേർ എന്ന പുസ്തകത്തിൽ അവസാന അദ്ധ്യായത്തിലേക്ക് വരുമ്പോൾ ഉത്സവത്തെ കുറിച്ചു പറയുന്നു. ഒരു വലിയ പെരുന്നാൾ. പൂരീം എന്ന പെരുന്നാൾ. അത് യഹൂദന്റെ പെരുന്നാളാണ്. കടുത്ത ദുരിതം, കനത്ത ആക്രമണം, ഭീകരമായ വിപത്ത്, വരാനിടയായതാണ് ഉത്സവം ഉണ്ടാകാൻ കാരണം. ഇന്ന് നിങ്ങളുടെ ജീവിതത്തിൽ താങ്ങാൻ വയ്യാത്ത പീഡകൾ വരുന്നുണ്ടോ? ചിലപ്പോൾ നിങ്ങളുടെ സ്വന്തം കുടുംബത്തിൽ നിന്നാകാം. ചിലപ്പോൾ നിങ്ങൾ ജോലി ചെയ്യുന്ന സ്ഥലത്തു നിന്നാകാം. ചിലപ്പോൾ നിങ്ങളുടെ പള്ളിയിൽ നിന്നാകാം. സഭയിൽ നിന്നാകാം. സമൂഹത്തിൽ നിന്നാകാം. ഒരു പക്ഷേ ബന്ധുമിത്രാദികളിൽ നിന്നാകാം. നിങ്ങൾക്ക് താങ്ങാൻ വയ്യാത്ത എതിർപ്പുകളും, പോരാട്ടങ്ങളും അപമാനങ്ങളും, അവഹേളനങ്ങളും, നിന്ദകളും, ആക്ഷേപങ്ങളും

സഹിക്കാൻ വയ്യാത്ത ആക്രമണങ്ങളും വരുന്നുണ്ടോ? വലിയൊരു ഫെസ്റ്റിവൽ പിന്നാലെ വരുന്നു. വലിയ ഉത്സവം വരുന്നു  എന്ന് നിങ്ങൾ വിശ്വസിക്കൂ.

കഷ്ടങ്ങളും യാതനകളും ഒക്കെയുണ്ട്. കഷ്ടപ്പാടിന്റെ വേളകൾ, ദുരിതത്തിന്റെ സമയങ്ങൾ. പക്ഷേ കർത്താവറിയാതെ ഒന്നും സംഭവിക്കുന്നില്ല. ലോകചരിത്രത്തിൽ  നോക്കിക്കൊള്ളൂ:  ആരെല്ലാം വളർന്നിട്ടുണ്ടോ, അവർ കൊടിയ യാതനയിൽ കൂടി കടന്നുപോയിട്ടുള്ളവരാണ്. ആരെല്ലാം ഉയർന്നിട്ടുണ്ടോ? അവർ താങ്ങാൻ വയ്യാത്ത വിപത്തുകളെ അതിജീവിച്ചവരാണ്.  ആത്മീയരംഗത്തും അതേ, ഭൗതിക രംഗത്തും അതേ. എവിടെയും നിങ്ങൾക്ക് ഇതുവരെ കൊടിയ യാതനകൾ ഉണ്ടായിട്ടില്ലെങ്കിൽ  നിങ്ങൾ പറയണം. കർത്താവേ യാക്കോബിന്റെ തുടയുടെ തടം തൊട്ട കരം എന്നെ തൊടണമേ.

യാക്കോബിന്റെ തുടയുടെ തടം തൊട്ടു. യാക്കോബിന്റെ തുടയുടെ തടം തൊട്ടതിനു ശേഷം യാക്കോബിനെ കണ്ടാൽ തിരിച്ചറിയാം. ആർക്കും തിരിച്ചറിയാം.  തുടയുടെ തടം തൊട്ടതു മൂലം മുടന്തിയാണ് നടക്കുന്നത്.

യേശുക്രിസ്തുവിന് സഭാഭേദമില്ല, കക്ഷി പരിഗണനയില്ല, സമുദായവ്യത്യാസമില്ല,  മതഭേദവുമില്ല.  അതുകൊണ്ട് സഭാ മാറ്റമല്ല ഹൃദയപരിവർത്തനമാണ് വേണ്ടത്.

ഇന്ന് നിങ്ങൾക്ക് പ്രശ്നമുണ്ടെങ്കിൽ തളരേണ്ട. അടുത്തുതന്നെ ഫെസ്റ്റിവൽ വരാൻ പോകുന്നു. സന്തോഷത്തിന്റെ മഹോത്സവം വരാൻ പോകുന്നു.  നിങ്ങൾ വിശ്വസിക്കൂ, അത്ഭുതങ്ങൾ നടക്കും.

പേർഷ്യൻ സാമ്രാജ്യത്തിൽ പ്രധാനപ്പെട്ട നാലു ചക്രവർത്തിമാരാണുണ്ടായിരുന്നത്. ഒന്ന്: ഡേറിയസ് അല്ലെങ്കിൽ ദാര്യാവേശ്. രണ്ട്: ക്സേർക്സസ് – Xerxes വേദപുസ്തകത്തിലെ അഹശ്വേരോശ്. മൂന്ന്: അർട്ടാ ക്സേർക്സസ് – Urta Xerxes(അർത്ഥഹ്ശഷ്ടാ രാജാവ്) നാല്: സൈറസ്, വേദപുസ്തകത്തിലെ കോരെശ് രാജാവ്. ഈ നാലുപേരുടെയും കാര്യം വേദപുസ്തകത്തിലുണ്ട്. അവർ പുറജാതിക്കാരാണെങ്കിലും അവർ ദൈവജനത്തെ സഹായിച്ചു. അതുകൊണ്ടാണ് തിരുവെഴുത്തിൽ അവരുടെ പേര് രേഖപ്പെടുത്തിയത്. അവർ സത്യത്തിന്റെയും ആത്മാവിന്റെയും ആരാധനയ്ക്കു സഹായിച്ചു.

യിരമ്യാ പ്രവാചകൻ സിദക്കിയാ രാജാവ് ഭരിച്ചിരുന്ന കാലത്താണ് പ്രവചിച്ചത്. യിരമ്യാവ് കരഞ്ഞുകൊണ്ട് കൊട്ടാരത്തിലേക്ക് ചെന്നു. തൊഴുകൈയ്യോടെ പറഞ്ഞു: നമ്മുടെ നാടിന്റെ അപകടം ഓർത്താണ് ഞാൻ കരയുന്നത്. നമ്മുടെ ജനത്തിന് വലിയോരു നാശം വരുന്നല്ലോ!

ദേശം നശിക്കാൻ പോകുന്നു എന്ന് യിരമ്യാ പ്രവാചകൻ പറഞ്ഞപ്പോൾ രാജാവിന് ഒരു കൂസലുമുണ്ടായില്ല. ദാവീദും ശലോമോനുമൊക്കെ ഇരുന്ന സിംഹാസനത്തിലല്ലേ ഞാൻ ഇരിക്കുന്നത് എന്നായിരുന്നു രാജാവിന്റെ ഭാവം. ഇതൊന്നും മുടിയുകയില്ല എന്നാണ് രാജാവ് ചിന്തിച്ചത്. രാജാവിന്റെ രണ്ടു കണ്ണും കുത്തിപ്പൊട്ടിച്ച് ബാബിലോണിയയിലേക്ക് കൊണ്ടുപോകും എന്ന് യിരമ്യാവ് സിദക്കിയാ രാജാവിനോട് പറഞ്ഞു.

രാജാവിന് ദ്വേഷ്യം വന്നു. രാജാവ് യിരമ്യാ പ്രവാചകനെ വളരെ ഉപദ്രവിച്ചു. പട്ടിണിക്കിട്ടു. കിണറ്റിൽ തള്ളിയിട്ടു.

എക്കാലത്തും സത്യം പറയുന്ന പ്രവാചകന്മാർക്ക് ഉപദ്രവമുണ്ടായിട്ടുണ്ട്. വരാൻ പോകുന്ന നാശം വെളിപ്പെടുത്തിയാൽ തീർച്ചയായും എതിർപ്പുണ്ടാകും. പ്രവാചകൻ പറഞ്ഞതുപോലെതന്നെ സംഭവിച്ചു.

യിരമ്യാ പ്രവാചകന്റെ കാലത്തു തന്നെ ബാബിലോണിയൻ ചക്രവർത്തിയായ, നെബുഖദ്നേസർ സൈന്യസന്നാഹത്തോടെ വന്ന് യഹൂദ്യ നാട് ആക്രമിച്ചു കീഴടക്കി. യരുശലേം ദേവാലയം ഇടിച്ചു കളഞ്ഞു. ദേവാലയത്തിന്റെ വാതിലുകളെല്ലാം തീവച്ച് ചുട്ടുകളഞ്ഞു. ദേവാലയത്തിന്റെ ചുറ്റുമുള്ള മതിലെല്ലാം ഇടിച്ചുപൊളിച്ചു കളഞ്ഞു. സിദക്കീയാ രാജാവിന്റെ കണ്ണു രണ്ടും കുത്തിപ്പൊട്ടിച്ചു. രാജാവിനെ ബാബിലോണിയയിലേക്ക് അടിമയായി കൊണ്ടുപോയി.

നെബുഖദ്നേസർ രാജാവിനു ശേഷം പിന്നെ വന്ന ബേൽത്ശസ്സർ ദുർബ്ബലനായ രാജാവ് ആയിരുന്നു. ബേത്ശസ്സർ രാജാവിന്റെ കാലത്ത് രാജാവിനും ദൈവം അരുളപ്പാട് കൊടുത്തു. ദാനിയേൽ പ്രവാചകനാണ് രാജാവിന് വരാൻ പോകുന്ന നാശം പ്രവചിച്ചത്. ദാനിയേൽ പ്രവചിച്ചതുപോലെ സംഭവിച്ചു. പേർഷ്യയിൽ (ഇറാനിൽ) നിന്ന്, മഹാസൈന്യം വന്ന് ബാബിലോണിയൻ സാമ്രാജ്യം കീഴടക്കി, ബേത്ശസ്സർ രാജാവിനെ കൊന്നു, അങ്ങനെ ബാബിലോണിയൻ സാമ്രാജ്യത്തിന്റെ കാലം അസ്തമിച്ചു.

പിന്നെ വന്നത് പേർഷ്യൻ സാമ്രാജ്യമാണ്. ഇന്നത്തെ പേരുപറഞ്ഞാൽ, ഏതാണ്ട്, ഇറാക്കിന്റെ സ്ഥാനത്ത് ഇറാൻ അധികാരം കൈയ്യാളി. അന്ന് യഹൂദന്മാർ ആരാധന മുടങ്ങിപ്പോയല്ലോ, സ്തുതി നിലച്ചു പോയല്ലോ, എന്നു പറഞ്ഞ് കരഞ്ഞുകൊണ്ട് അന്യദേശത്ത് അടിമത്തത്തിലിരിക്കുകയായി

രുന്നു. അവരെ ധൈര്യപ്പെടുത്താൻ ദാനിയേൽ പ്രവാചകൻ പ്രവചനം പറഞ്ഞു. അവരുടെ ഇടയിലുണ്ടായിരുന്ന പുരോഹിതനായിരുന്ന യെഹസ്ക്കേൽ. പ്രവാസികളായി അടിമപ്പാടിലിരിക്കുന്നവർക്ക് പ്രവചനം കൊടുത്തു, അവരെ ഉണർത്തി. നിങ്ങൾ കരഞ്ഞുകൊണ്ടിരുന്നാൽ പോരാ, യെരുശലേമിലേക്ക് തിരികെ പോകുന്നതിനെകുറിച്ച് നിങ്ങൾ ചിന്തിക്കണം. നിങ്ങൾ ദൈവത്തോട് പ്രാർത്ഥിക്കണം. എന്ന് യെഹസ്കേൻ പ്രവചിച്ചു.

യെഹസ്ക്കേലും ദാനിയേലും പ്രവചിച്ചതിന്റെ ഫലമായി ജനം ഉണർന്നു.

അക്കാലത്ത് ഉന്നത സ്ഥാനത്തുള്ള രണ്ടു പേരുണ്ടായിരുന്നു. ഒരാൾ അന്ന് യെരുശലേമിന്റെ ഗവർണറായ സെരുബ്ബാബേലാണ്. വേറൊരാൾ അന്ന് മഹാപുരോഹിതനായ യോശുവ. മോശയ്ക്കു ശേഷമുള്ള യോശുവ അല്ല, മഹാപുരോഹിതനായ യോശുവ. അവരും ആത്മീയമായി ഉണർന്നു.

അതാതു സമയത്ത് ദൈവം ചിലരെ ഉണർത്തുകയാണ്. അന്നത്തെ ഭരണാധികാരികളിൽ ചിലർ യഹൂദജനതയെ നശിപ്പിക്കാൻ വാളോങ്ങിനിൽക്കുമ്പോൾ ഭരണാധികാരികളിൽ ഉള്ളവർ തന്നെ യഹൂദയെ താങ്ങാൻ വരികയാണ്. പാവപ്പെട്ട ദൈവമക്കൾ കെബാർ നദീ തീരത്ത് ഇരുന്ന് ആരാധന പുനഃസ്ഥാപിച്ചു തരണമേ എന്ന് പറഞ്ഞ് കരഞ്ഞാൽ, സ്വർഗ്ഗത്തിലെ ദൈവം കേൾക്കും. (സങ്കീർത്തനം 137 നോക്കുക)

എന്തു സംഭവിച്ചു? ജനം എസ്രാ എന്ന പുരോഹിതനായ ശാസ്ത്രിയുടെ നേതൃത്വത്തിൽ യെരുശലേമിലേക്ക് തിരികെ പോയി. 2 ദിനവൃത്താന്തപുസ്തകത്തിൽ അവസാനത്തെ അദ്ധ്യായത്തിൽ നമുക്ക് കാണാം.

> "എന്നാൽ യിരമ്യാവ് മുഖാന്തരം ഉണ്ടായ യഹോവയുടെ വചനം നിവൃത്തിയാകേണ്ട തിന് പാർസി രാജാവായ കോരെശിന്റെ ഒന്നാ മാണ്ടിൽ യഹോവ പാർസി രാജാവായ കോരെ ശിന്റെ മനസ്സ് ഉണർത്തി."
>
> 2 ദിന. 36:22.

കല്പന നൽകി "ആലയം അതിന്റെ സ്ഥാനത്തു തന്നെ പണിയട്ടെ" അർത്ഥഹ്ശഷ്ടാ രാജാവിന്റെ കാലത്ത് പാന പാത്രവാഹകനായിരുന്ന നെഹമ്യാവ് ഉണർന്നു. പാവപ്പെട്ട ജനം ഉണർന്നു. ഉന്നതസ്ഥാനത്തുള്ളവർ ഉണർന്നു.

നാട്ടിൽ ഉണർവ്വ് പടർന്നുപിടിക്കണമേ. സഭകളിൽ ഉണർവ്വ് വ്യാപിക്കണമേ. ഉന്നതസ്ഥാനത്തുള്ളവർ ചലിക്കണ മേ; മാനസാന്തരപ്പെടണമേ. അവർ മൂലം അനുഗ്രഹങ്ങൾ വരണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

സെരുബ്ബാബേൽ ഉണർന്നു. യോശുവ എന്ന മഹാപുരോ ഹിതൻ ഉണർന്നു. പുരോഹിതനായ എസ്രാ ശാസ്ത്രി ജന ത്തിന് നേതൃത്വം കൊടുത്തു. അവരെ യെരുശലേമിലേക്ക് കൊണ്ടുപോയി.

എസ്രായുടെ പുസ്തകത്തിലെ വിഷയം, ഇടിഞ്ഞുപൊ ളിഞ്ഞുപോയ ദേവാലയം പണിയുന്നു. അതിനു ശേഷം ദേവാ ലയത്തിനു ചുറ്റും മതിലു പണിയുന്നു എന്നതാണ് നെഹമ്യാ വിന്റെ പുസ്തകത്തിലെ വിഷയം.

പേർഷ്യൻ സാമ്രാജ്യത്തിൽ താമസിച്ചു വന്ന യഹൂദന്മാ രുടെ കൂട്ടത്തിൽ ഒരാളാണ് എസ്ഥേർ. അവൾ സുന്ദരി യായിരുന്നു. അവളുടെ അപ്പന്റെ ജ്യേഷ്ഠന്റെ മകനാണ്

മൊർദ്ദെഖായി. എസ്ഥേറിന്റെ അപ്പനും അമ്മയും മരിച്ചുപോയി. പിന്നെ മൊർദ്ദെഖായിയാണ് അവളെ വളർത്തിയത്.

അന്ന് ഭരിക്കുന്നത് അഹശ്വേരോശ് രാജാവാണ്. അദ്ദേഹത്തിന്റെ സാമ്രാജ്യത്തിൽ 127 സംസ്ഥാനങ്ങളുണ്ട്. എസ്ഥേറിന്റെ പുസ്തകം ഒന്നാം അദ്ധ്യായം വായിക്കുമ്പോൾ കാണാം ഹിന്ദു ദേശം മുതൽ കൂശ് ദേശം വരെ വ്യാപിച്ചുകിടക്കുന്ന 127 സംസ്ഥാനത്തിന്റെ ഭരണാധികാരിയാണ് അഹശ്വേരോശ് രാജാവ് എന്ന്. ഹിന്ദുദേശം എന്നു പറയുന്നത് ഇന്ത്യയാണ്. ഇംഗ്ലീഷ് ബൈബിളിൽ "From India unto Ethiopia" എന്നാണ് കാണുന്നത്. ഹിന്ദു ദേശം മുതൽ എത്യോപ്യ വരെ വ്യാപിച്ചു കിടക്കുകയാണ്. Xerxes ചക്രവർത്തിയുടെ കാലമാണ് “Golden Age of Persia" പേർഷ്യയിലെ സുവർണ്ണകാലം.

ബി.സി. 483–ൽ അഹശ്വേരോശ് രാജാവ് ഒരു വലിയ വിരുന്ന് കഴിച്ചു. ഏഴുദിവസം നീണ്ടുനിന്ന ഒരു വിരുന്നായിരുന്നു അത്. പേർഷ്യർ പാരമ്പര്യമനുസരിച്ച് രാജധാനിയിലെ സ്ത്രീകളുടെ ഒരു വിരുന്ന് വേറെയും നടക്കുന്നുണ്ടായിരുന്നു. രാജ്ഞിയായ വസ്ഥി, രാജാവിന്റെ വിരുന്നിലേക്ക് വരാൻ രാജാവ് ആവശ്യപ്പെട്ടു. രാജ്ഞി അതിസുന്ദരിയായിരുന്നു. വസ്ഥി എന്ന പേരിന്റെ അർത്ഥം തന്നെ “സുന്ദരി” എന്നായിരുന്നു. (Beautiful Woman)

രാജാവും അതിഥികളും വീഞ്ഞുകുടിച്ച് മദോന്മത്തരായിരിക്കയാണെന്ന് വസ്ഥി രാജ്ഞിക്കറിയാമായിരുന്നു. തന്റെ സൗന്ദര്യം അവരുടെ മുമ്പിൽ പ്രദർശിപ്പിക്കാൻ രാജ്ഞി തയ്യാറായില്ല. അത് രാജാവിനെ ക്രുദ്ധനാക്കി. രാജാവിന്റെ ആജ്ഞയെ ധിക്കരിച്ച രാജ്ഞിയെ പദവിയിൽ നിന്ന് നിഷ്ക്കാ

സനം ചെയ്യുവാൻ ഉപജാപകവൃന്ദം രാജാവിനെ പ്രേരിപ്പിച്ചു. അങ്ങനെ വസ്ഥി, രാജ്ഞിസ്ഥാനത്തുനിന്ന് നീക്കപ്പെട്ടു.

സ്വന്തം ഭർത്താവിന്റെ മുമ്പിലല്ലാതെ മറ്റാരുടെയും മുമ്പിൽ തന്നെ പ്രദർശിപ്പിക്കാൻ തയ്യാറാകാതിരുന്ന വസ്ഥി രാജ്ഞിയുടെ ചാരിത്ര്യശുദ്ധി പ്രശംസനീയമത്രേ. സ്ത്രീ ജനങ്ങൾക്ക് വസ്ഥിയുടെ സ്വഭാവം ഒരുദാത്തമാതൃകയാണ്.

സൗന്ദര്യവും സമ്പത്തും പ്രതാപവും പ്രൗഢിയും മറ്റുള്ളവരുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നത് ആദ്ധ്യാത്മീക സംസ്ക്കാരത്തിന് ചേർന്നതല്ല. അതിന്റെ പിന്നിൽ ലൈംഗികാരാജകത്വമുണ്ട്. (Sex) സ്വയത്തിന്റെ പ്രാമാണ്യമുണ്ട്. (Self-ego) Sex, Self, Silver എന്നിവയാണല്ലോ മനുഷ്യചേതനയെ മലീമസമാക്കുന്നത്. വസ്ഥി രാജ്ഞി സംസ്ക്കാര ഭദ്രമായ സ്വഭാവത്തിന്റെ സവിശേഷതയാണ് പ്രദർശിപ്പിച്ചത്.

രാജാവിന് ദ്വേഷ്യം വന്നു. വസ്ഥി രാജ്ഞിയെ രാജ്ഞിസ്ഥാനത്ത് നിന്ന് മാറ്റിക്കളഞ്ഞു. രാജാവിനെ നശിപ്പിക്കാൻ നോക്കിയ ചില മന്ത്രിമാരുണ്ടായിരുന്നു. അവരൊക്കെയാണ് രാജാവിനെ വാശിപിടിപ്പിച്ചത്.

രാജാവ് ഏകാകിയായി. ഭാര്യയെ വിട്ടുകളഞ്ഞതിൽ രാജാവിന് പ്രയാസമായി.

ഭാര്യയെ വെറുതെ പറഞ്ഞുവിട്ടതല്ലേ, പെട്ടെന്നുള്ള കോപത്തിന് അങ്ങനെ ചെയ്തു.

ചില കുടുംബങ്ങളിൽ അങ്ങനെ സംഭവിക്കാറുണ്ട്. പെട്ടെന്നുള്ള കോപത്തിന് വാശി പിടിക്കും. അങ്ങനെയാണ് പല വിവാഹമോചനങ്ങളും സംഭവിക്കുന്നത്. നിങ്ങളാരും പെട്ടെന്ന് വാശിപിടിച്ച് ഒന്നും ചെയ്തേക്കരുത്. വാശിപിടിച്ച്

അപ്പനോട് മത്സരിക്കരുത്. വാശിപിടിച്ച് മക്കളോട് കോപിക്കരുത്. പെൺകുട്ടികൾ പെട്ടെന്ന് വാശിപിടിച്ച് അപ്പനെയും അമ്മയെയും വിട്ട് ഏതെങ്കിലും ചെറുപ്പക്കാരുടെ പുറകേ പോകരുത്. പെട്ടെന്നുള്ള വികാരത്തിന്റെ വേലിയേറ്റത്തിൽ മണ്ടത്തരം കാണിക്കരുത്.

ഒന്ന് ചിന്തിക്കൂ. ഇത്രയും കാലം നിന്റെ കൈയ് വളരുന്നോ കാലു വളരുന്നോ എന്നു നോക്കി വളർത്തിയ അപ്പനെയും അമ്മയെയും വിട്ട്, മോളേ, ഇപ്പോൾ അടുത്തകാലത്ത് മൊബൈൽ ഫോണിൽ കൂടി പരിചയപ്പെട്ട ഒരു ചെറുപ്പക്കാരന്റെ കെണിയിൽ പെട്ട് നീ നശിച്ചുപോകരുത്. അപകടം പറ്റിപ്പോകരുത്.

ഇത്രയും നാൾ നിന്നെ പോറ്റിപ്പുലർത്തുകയും നിന്നെ സ്നേഹത്തോടെ പരിലാളിക്കുകയും പരിചരിക്കുകയും നീ പറയുന്നതെല്ലാം അനുസരിക്കുകയും ചെയ്ത ഭാര്യയെ ചവിട്ടി, തൊഴിച്ചുമാറ്റിയിട്ട് നീ അന്യസ്ത്രീയുടെ പുറകെ മോഹിച്ചുപോകരുത്. പെട്ടെന്നുള്ള വികാരത്തിൽ പെട്ട് അബദ്ധത്തിൽ പോകരുത്. ഓഫീസിൽ കണ്ട് പരിചയപ്പെട്ട ഒരു മനുഷ്യനെ സ്നേഹിച്ച് നീ നിന്റെ ഭർത്താവിനെ മറന്ന് അവന്റെ കൂടെ ജീവിക്കാൻ ഒരുമ്പെടരുത്.

അന്നത്തെ മന്ത്രിമാരും സേനാധിപന്മാരും രാജാവിന്റെ അടുത്തു ചെന്നു. രാജാവേ, അങ്ങ് ഇങ്ങനെ ഏകാകിയായിരിക്കേണ്ട. ഞങ്ങൾ അങ്ങേക്കു വേണ്ടി ഒരു ഭാര്യയെ കൊണ്ടുവരട്ടെ.

അങ്ങനെ അനേകം സുന്ദരിമാരെ കൊണ്ടുവന്നു. അവരിൽ ആരെയാണ് തെരഞ്ഞെടുക്കേണ്ടതെന്ന് പരിശോധിച്ചു. അങ്ങനെ തെരഞ്ഞെടുക്കപ്പെട്ടവളാണ് എസ്ഥേർ.

സുന്ദരിയായ എസ്ഥേറിനെ രാജാവ് രാജ്ഞിയാക്കി.

എസ്ഥേർ യഹൂദസ്ത്രീയാണ്. അവളുടെ ജാതി അവൾ പറഞ്ഞില്ല. അവൾക്ക് മോർദ്ദെഖായിയുടെ പ്രത്യേക നിർദ്ദേശമുണ്ടായിരുന്നു ജാതി ഒന്നും പറയണ്ട എന്ന്. യഹൂദസ്ത്രീ ആണെന്നു പറഞ്ഞാൽ പക്ഷേ നിന്നെ ഉപേക്ഷിച്ചേക്കാം. രാജാവിന്റെ കൂടെയുള്ള സേവകരിൽ യഹൂദജാതിക്കു ശത്രുക്കളുണ്ട്.

മൊർദ്ദേഖായി രാജാവിന്റെ കൊട്ടാരത്തിന്റെ പരിസരത്ത് സഞ്ചരിച്ചുകൊണ്ടിരുന്നു. ഇടയ്ക്ക് കൊട്ടാരത്തിന്റെ വാതിൽക്കൽ ഇരിക്കും. അത് എസ്ഥേറിന്റെ ക്ഷേമമന്വേഷിക്കാനായിരുന്നു.

അഹശ്വേരോശ് രാജാവിന് ഒരു ദുഷ്ടനായ മന്ത്രിയുണ്ടായിരുന്നു. അവൻ അഹങ്കാരിയായിരുന്നു. അവന്റെ പേര് ഹാമാൻ എന്നാണ്. അവനെ കാണുമ്പോൾ എല്ലാവരും എഴുന്നേല്ക്കണം എന്ന് ഹാമാന് ചിന്തയുണ്ടായിരുന്നു. പക്ഷേ മൊർദ്ദേഖായി എഴുന്നേല്ക്കില്ല. കാരണം ദുഷ്ടതയെ എതിർക്കുന്ന മനുഷ്യനായിരുന്നു മൊർദ്ദേഖായി. ഹാമാൻ അന്വേഷിച്ചറിഞ്ഞു, മൊർദ്ദെഖായി യഹൂദനാണെന്ന്. സേവകർ ഹാമാനെ വാശിപിടിപ്പിച്ചു. മൊർദ്ദേഖായിയെ ഒന്നു ശിക്ഷിക്കണം എന്ന് ഹാമാൻ തീരുമാനിച്ചു.

ഹാമാൻ അതിന് അന്നത്തെ ചക്രവർത്തിയായ അഹശ്വേരോശിന്റെ അടുക്കൽ ഒരു വൻതുക കൊണ്ടുപോയികൊടുത്തു. “നമ്മുടെ ചട്ടങ്ങൾക്കൊന്നും കീഴ്പ്പെടാത്ത യഹൂദന്മാർ എന്ന ഒരു വർഗ്ഗം നമ്മുടെ നാട്ടിലു”ണ്ടെന്ന് രാജാവിനോട് ഹാമാൻ പറഞ്ഞു. അവർ ഒരു പ്രത്യേക വർഗ്ഗമാണ്. അവരുടെ കൂട്ടായ്മ, അവരുടെ സമൂഹം എന്നൊക്കെ മാത്രമേ

അവർക്ക് ചിന്തയുള്ളൂ. അവർക്ക് രാജാവിനെ ബഹുമാനമില്ല. അതുകൊണ്ട് അവരെ വെറുതെവിട്ടാൽ പറ്റില്ല. അവരെ മുഴുവനായി മുടിച്ചുകളയണം. നമ്മുടെ പേർഷ്യൻ സമുദായത്തിലുള്ള ആളുകൾ യഹൂദന്മാരെയെല്ലാം കൊന്നു മുടിക്കാൻ ഒരു ദിവസം നിശ്ചയിക്കണം.

അങ്ങനെ രാജാവിനെ പ്രേരിപ്പിച്ച് യഹൂദന്മാരെ മുഴുവൻ കൊന്നൊടുക്കാനുള്ള ഒരു ദിവസം കണ്ടുപിടിച്ചു. ആ ദിവസം 127 സംസ്ഥാനങ്ങളിലുള്ള യഹൂദന്മാരെ അതാതു ദേശത്തുള്ളവർക്ക് ആക്രമിക്കാം, കൊല്ലാം, കവർച്ച ചെയ്യാം, കൂട്ടമായി നശിപ്പിക്കാം എന്നുള്ള കല്പന പുറപ്പെടുവിക്കണം. എന്ന് ഹാമാൻ പറഞ്ഞു. "നീ തന്നെ കല്പന എഴുതിയാൽ മതി. നിനക്ക് അതിനുള്ള അധികാരം തരാം. എന്റെ വിശ്വസ്തസചിവനായി ഞാൻ നിന്നെ അവരോധിച്ചിരിക്കുകയല്ലേ." എന്നായിരുന്നു രാജാവിന്റെ മറുപടി.

ഹാമാൻ കല്പന എഴുതി. രാജാവിന്റെ മുദ്രാമോതിരം കൊണ്ട് മുദ്ര വച്ചു. രാജാവ് ഒന്നും കാര്യമായി ചിന്തിച്ചില്ല. കല്പന എല്ലാ സംസ്ഥാനങ്ങളിലേക്കും അയച്ചു.

കല്പന ചെന്നപ്പോഴേക്കും 127 സംസ്ഥാനങ്ങളിലും യഹൂദന്മാരുടെ ഇടയിൽ കൂട്ടക്കരച്ചിലായി. മോർദ്ദേഖായി തലയിൽ പൂഴിവാരിയിട്ട് രാജകൊട്ടാരത്തിനുചുറ്റും കരഞ്ഞുകൊണ്ട് നടന്നു. ആരോ പറഞ്ഞ് എസ്ഥേർ അറിഞ്ഞു. മൊർദ്ദേഖായി വസ്ത്രം കീറി തലയിൽ പൂഴി വാരിയിട്ട് നടന്നപ്പോൾ എസ്ഥേർ അദ്ദേഹത്തിന് ഒരു നല്ല വസ്ത്രം കൊടുത്തയച്ചു.

മൊർദ്ദേഖായി പറഞ്ഞു. നമ്മുടെ ജാതിക്കു നാശം വന്നിരിക്കുന്നു.

> “നീ ഈ സമയത്ത് മിണ്ടാതിരുന്നാൽ യഹൂദന്മാർക്ക് മറ്റൊരു സ്ഥലത്തുനിന്ന് ഉദ്ധാരണവും രക്ഷയും ഉണ്ടാകും, എന്നാൽ നീയും നിന്റെ പിതൃഭവനവും നശിച്ചുപോകും, ഇങ്ങനെയുള്ളോരു കാലത്തിനായിട്ടല്ലയോ നീ രാജസ്ഥാനത്ത് വന്നിരിക്കുന്നത്? ആർക്കറിയാം?”
>
> എസ്ഥേർ 4:13–14.

നീ രാജധാനിയിൽ ഇരിക്കയാൽ എല്ലാ യഹൂദന്മാരിലും വച്ച് രക്ഷപ്പെട്ടുകൊള്ളാമെന്ന് നീ വിചാരിക്കണ്ട. നീ ഈ സമയത്ത് മിണ്ടാതിരുന്നാൽ യഹൂദന്മാർക്ക് മറ്റോരു സ്ഥലത്ത് ഉദ്ധാരണവും രക്ഷയും ഉണ്ടാകും. അബ്രാഹാമിനു കൊടുത്ത വാഗ്ദത്തം മൊർദ്ദെഖായി ഓർത്തു.

നിന്നെ ശപിക്കുന്നവൻ ശപിക്കപ്പെട്ടവനാകും; നിന്നെ അനുഗ്രഹിക്കുന്നവൻ അനുഗ്രഹിക്കപ്പെട്ടവനാകും എന്നാണ് ദൈവം കൊടുത്ത വാഗ്ദത്തം. അതുകൊണ്ട് യഹൂദജാതിയെ ശത്രുവിന്റെ കൈയ്യിൽ നിന്ന് രക്ഷിക്കും എന്ന ഉറപ്പാണ് മൊർദ്ദെഖായിക്ക് ഉണ്ടായിരുന്നത്.

എസ്ഥേർ എല്ലാ യഹൂദന്മാരെയും അറിയിക്കാൻ ഒരു കാര്യം പറഞ്ഞേല്പിച്ചു.

അതിനു എസ്ഥേർ മൊർദ്ദേഖായിയോടു മറുപടി പറയാൻ കല്പ്പിച്ചു:

> “നീ ചെന്ന് ശൂശനിലുള്ള എല്ലാ യഹൂദന്മാരെയും ഒന്നിച്ചു കൂട്ടി: നിങ്ങൾ മൂന്നു ദിവസം രാവും പകലും തിന്നുകയോ കുടിക്കുകയോ ചെയ്യാതെ എനിക്ക് വേണ്ടി ഉപവസി

പ്പിൻ, ഞാനും എന്റെ ബാല്യക്കാരത്തികളും അങ്ങനെ തന്നെ ഉപവസിക്കും. പിന്നെ ഞാൻ നിയമപ്രകാരം അല്ലെങ്കിലും രാജാവിന്റെ അടുക്കൽ ചെല്ലും. ഞാൻ നശിക്കുന്നു എങ്കിൽ നശിക്കട്ടെ."

എസ്ഥേർ 4:1516

എസ്ഥേർ ഒരു സമർപ്പണമെടുത്തു. സത്യമായും വ്യക്തമായുമുള്ള ഒരു സമർപ്പണം ക്രിസ്തുവിന്റെ ആണിപ്പാടുള്ള പാദത്തിൽ നാമും എടുക്കുകയാണ് വേണ്ടത്. സഭയോ സമുദായമോ അല്ല മാറേണ്ടത്. ഹൃദയമാണ് മാറേണ്ടത്. യേശുക്രിസ്തുവിന്റെ തിരുരക്തത്താലുള്ള രൂപാന്തരം പ്രാപിച്ച് യേശുവിന്റെ ഛായ പ്രാപിക്കണം. യേശുവിന്റെ സ്വഭാവം പ്രാപിക്കണം. അടിയന്തിരമായ ആവശ്യം മാനസാന്തരപ്പെട്ടവരുടെ മാനസാന്തരമാണ്. ഒരിക്കൽ മാനസാന്തരപ്പെട്ടവർ ഇനിയും മാനസാന്തരം അനുഭവിക്കേണ്ടിയിരിക്കുന്നു. ഇനിയും രൂപാന്തരം അനുഭവിക്കേണ്ടിയിരിക്കുന്നു.

പരമസത്യമായ സനാതനമായ ഒരു ആദർശമാണിത്. ഈ ഒരു ആശയം ജനഹൃദയങ്ങളിലേക്ക് പാകിക്കൊടുക്കാനുള്ള വലിയ ചുമതലയാണ് നമുക്കുള്ളത്. മാനസാന്തരപ്പെട്ടവരേ, നിങ്ങൾ ഇനിയും മാനസാന്തരപ്പെടണം. നിങ്ങൾ ആകമാനമായ ഒരു കഴുകലിലേക്കു വരണം. നിങ്ങളുടെ ജീവിതത്തിൽ വലിയ രൂപാന്തരം വരണം. നിങ്ങൾ ക്രിസ്തുവിന്റെ ഛായയുള്ളവരായി തീരണം. നിങ്ങൾ ക്രിസ്തുവിന്റെ പ്രതിമയായി തീരണം. നിങ്ങൾ ക്രിസ്തുവിന്റെ സ്വഭാവ മഹിമ പ്രാപിക്കുന്നവരായി തീരണം. യേശുക്രിസ്തു ക്രൂശിൽ കാണിച്ചുതന്ന സ്വഭാവം എന്താണോ അത് നിങ്ങളിൽ കൂടി ലോകം കാണണം.

സക്കായി യേശുവിനെ വീട്ടിൽ കൈക്കൊണ്ടു. ആ അദ്ധ്യായം തുടങ്ങുമ്പോൾ ആദ്യം കാണുന്ന വാക്യം "സക്കായി യേശു എങ്ങനെയുള്ളവൻ എന്നു കാണാൻ ശ്രമിച്ചു." (ലൂക്കോസ് 19:1)

യേശു എങ്ങനെയുള്ളവൻ എന്നു കാണാൻ ശ്രമിക്കുന്ന ഒരു ലോകത്താണ് നാം ജീവിക്കുന്നത്. യേശുവിനെ ലോകം ഇന്നു കാണുന്നില്ല. യേശു എങ്ങനെയുള്ളവൻ എന്ന് കാണിച്ചുകൊടുക്കേണ്ട ചുമതല എന്റേതാണ്, നിങ്ങളുടേതാണ്.

യേശു എങ്ങനെയുള്ളവൻ എന്ന് യേശുവിനെ സ്വന്തം വീട്ടിൽ കാണിച്ചു കൊടുക്കണം. നിങ്ങളുടെ ജീവിതത്തിൽ കൂടി നിങ്ങളുടെ ഭാര്യയ്ക്ക് ഭർത്താവിന്, നിങ്ങൾ കാണിച്ചു കൊടുക്കണം. നിങ്ങളുടെ ജീവിതത്തിൽ കൂടി യേശു എങ്ങനെയുള്ളവൻ എന്ന് നിങ്ങളുടെ മക്കൾക്ക് കാണിച്ചുകൊടുക്കണം. നിങ്ങളുടെ ജീവിതത്തിൽ കൂടി യേശു എങ്ങനെയുള്ളവൻ എന്ന് നിങ്ങളുടെ മാതാപിതാക്കൾക്ക് കാണിച്ചു കൊടുക്കണം. അമ്മായിയമ്മയ്ക്ക് നിന്റെ സ്വഭാവത്തിൽ കൂടി കാണിച്ചുകൊടുക്കണം. നിന്റെ മരുമോൾക്ക് നീ കാണിച്ചു കൊടുക്കണം. യേശു എങ്ങനെയുള്ളവൻ എന്ന് നിന്റെ കൂടെ ജോലി ചെയ്യുന്നവർക്ക് നീ കാണിച്ചു കൊടുക്കണം.

കൈക്കൂലി വാങ്ങുന്നില്ല, വേണമെങ്കിൽ കിട്ടും. പക്ഷേ വാങ്ങുന്നില്ല, യേശു എങ്ങനെയുള്ളവൻ എന്ന് നിങ്ങുടെ കൂടെ ജോലി ചെയ്യുന്നവർക്ക് കാണിച്ചുകൊടുക്കുകയാണ്. അഴിമതിക്കു കൂട്ടു നില്ക്കയില്ല. യേശു എങ്ങനെയെന്ന് കാണിച്ചുകൊടുക്കുകയാണ്. തെറ്റായ ഒരു വാക്ക് നാവിൽ വരികയില്ല. ജോലി കൃത്യമായി ചെയ്യും. ജോലി ആത്മാർത്ഥമായി ചെയ്യും, ജോലി ഉത്തരവാദിത്തത്തോടെ ചെയ്യും, ജോലി കാര്യക്ഷമമായി ചെയ്യും, യേശു എങ്ങനെയുള്ളവൻ എന്ന്

കാണിച്ചുകൊടുക്കുകയാണ്.

അദ്ധ്യാപകർ, എഞ്ചിനിയർമാർ, ഡോക്ടർമാർ റബർ വെട്ടുന്നവർ എല്ലാം ചിന്തിക്കട്ടെ. റബ്ബർ ടാപ്പ് ചെയ്യുന്നവർ കള്ളത്തരം കാണിച്ച് റബ്ബർ ടാപ്പ് ചെയ്ത്, ഒട്ടുപാൽ തന്ത്ര പൂർവ്വം മാറ്റിയിട്ടുണ്ടോ, അല്ല ഏതെങ്കിലും റബ്ബർ വെട്ടാതെ വിട്ടുപോയിട്ടുണ്ടോ, മനഃപൂർവ്വം വിട്ടുപോയിട്ടുണ്ടോ, അതിന്റെ കൂലി നിങ്ങൾ മേടിച്ചിട്ടുണ്ടോ, എന്ന് ശോധന ചെയ്യുക, അനു തപിക്കുക. യേശു എങ്ങനെയുള്ളവൻ എന്ന് സ്വഭാവത്തിൽ കൂടി കാണിച്ചു കൊടുക്കണം.

നിങ്ങൾ ജീവിതത്തിൽ വിശ്വസ്തതയോടെ ജോലി ചെയ്തിട്ടുണ്ടോ? എതിർക്കുന്നവരിലേക്കു നോക്കണ്ട, നമ്മെ തെറ്റിദ്ധരിക്കുന്നവരിലേക്കു നോക്കണ്ട. അപവാദം തിരുത്താൻ പോകണ്ട. പക്ഷേ നമുക്ക് ഒരു കാര്യം ചെയ്യാം. നമുക്ക് ആക മാനം പരിശോധിക്കാം. നമുക്ക് രൂപാന്തരം വരുത്താം.

നമ്മുടെ സ്വഭാവത്തിൽ മാറ്റം വരട്ടെ. നമ്മുടെ ജീവിത ശൈലിയിൽ മാറ്റം വരട്ടെ. യേശുവിന്റെ സ്വഭാവം നമ്മിൽ പ്രതിഫലിക്കട്ടെ. നമ്മുടെ ജീവിതം വിശുദ്ധമാണോ? നമ്മുടെ കണ്ണുകൾ വിശുദ്ധമാണോ? നമ്മുടെ നോട്ടം വിശുദ്ധമാണോ?

നിങ്ങളുടെ മൊബൈൽ ഫോണിൽ വന്ന എസ്.എം.എസ് വിശുദ്ധമാണോ? നിന്റെ മൊബൈൽഫോണിൽ വന്ന കോളു കൾ വിശുദ്ധമാണോ? നീ ഏകാന്തത്തിൽ കമ്പ്യൂട്ടർ റൂമിൽ ഇരുന്നപ്പോൾ നീ കമ്പ്യൂട്ടറിൽ കണ്ട ചിത്രങ്ങൾ വിശുദ്ധ മാണോ? നീ കൂട്ടുകാരു കൂടി ആരുമില്ലാത്ത രാത്രിസമയങ്ങ ളിലിരുന്ന് സി.ഡി ഇട്ട് കണ്ട ബ്ലൂഫിലിം വിശുദ്ധമല്ലല്ലോ. നിന്റെ ജീവിതം മാറാനുണ്ടല്ലോ. ജീവിതം വിശുദ്ധമാകാനു ണ്ടല്ലോ. തെറ്റുകൾ തിരുത്താനുണ്ടല്ലോ.

നീ കോപിച്ചലറുന്നവനല്ലായിരുന്നോ? വാശിപിടിക്കുന്നവനല്ലായിരുന്നോ? നീ കോപിച്ച് നിന്റെ ഭാര്യയെ ഉപദ്രവിച്ചിട്ടില്ലേ? നിന്റെ ഭാര്യയെ വേദനിപ്പിച്ചിട്ടില്ലേ. നീ മദ്യത്തിനും പുകവലിക്കും അടിമയായി തീർന്നില്ലേ? മയക്കുമരുന്ന് കുത്തിവയ്ക്കാൻ നീ നിന്നെത്തന്നെ വിട്ടുകൊടുത്തില്ലേ? നീ റാഗ് ചെയ്യാൻ പോയില്ലേ? നീ വീട്ടിൽ അമ്മായിയമ്മപ്പോര് ഉണ്ടാക്കിയില്ലേ? നിന്റെ ഭർത്താവ് മരിച്ചതിനു ശേഷം അനുതപിക്കാമെന്നാണോ നീ വിചാരിച്ചത്.

നിന്റെ ഭർത്താവുള്ള സമയത്ത് ആ മനുഷ്യനോട് പോയി മാപ്പുചോദിക്കൂ. ഭാര്യ മരിച്ചതിനുശേഷം ഇരുന്ന് കരഞ്ഞാൽ എന്തു പ്രയോജനം? നീ ഇപ്പോൾ നിന്റെ ഭാര്യ കൂടെയുള്ളപ്പോൾ ആ സാധു സ്ത്രീയോട് മാപ്പു ചോദിക്കൂ.

മക്കളേ അപ്പൻ മരിച്ചതിനു ശേഷം മാപ്പു ചോദിക്കാനിരിക്കയാണോ? അമ്മ മരിച്ചതിനുശേഷം മാപ്പു ചോദിക്കാനിരിക്കുകയാണോ? ദൈവസന്നിധിയിൽ ഇരുന്ന് കരയാം എന്നു പറഞ്ഞിരിക്കയാണോ? അല്ല ആയുസ്സുള്ളപ്പോൾ നീ ചെന്ന് മാപ്പു ചോദിക്കൂ. നിരപ്പാകൂ. ആകമാനം ഒരു കഴുകൽ നടക്കട്ടെ. സമ്പൂർണ്ണമായ കഴുൽ നടക്കട്ടെ.

അപ്പോൾ നമ്മുടെ രോഗം മാറും, അടഞ്ഞ ഗർഭപാത്രം തുറക്കും, കടം മാറും, കുടുംബസമാധാനം ലഭിക്കും, തീരാവ്യാധികൾ മാറും, വിവാഹം നടക്കാത്തവരുടെ വിവാഹം നടക്കും.

തീരുമാനിക്കൂ: യേശു എങ്ങനെയുള്ളവൻ എന്ന് എന്റെ ജീവിതത്തിൽ കൂടി പ്രതിഫലിപ്പിക്കും. യേശു എങ്ങനെയുള്ളവൻ എന്ന് കാണുവാൻ ആഗ്രഹിക്കുന്നവർക്ക് യേശു ഇങ്ങനെയുള്ളവൻ എന്ന് എന്റെ ജീവിതത്തിൽ കൂടി തെളി

യിച്ചുകൊണ്ട് ഞാൻ ഒരു പുതിയ മനുഷ്യനായി ജീവിക്കും. മനുഷ്യൻ തെറ്റിദ്ധരിക്കട്ടെ. ലോകം വെറുക്കട്ടെ. എല്ലാവരും പകയ്ക്കട്ടെ, എല്ലാവരും അറപ്പോടെ കാണട്ടെ. എന്നാൽ സ്വർഗ്ഗം നിന്നെ മാനിക്കും. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ നീ ഒരു വിശുദ്ധനാണെങ്കിൽ പറന്നുയരാം. എല്ലാം മായ സകലവും മാറിമാറിപ്പോകും. എല്ലാം തീർന്നുപോകും. മാറാത്തത് യേശു മാത്രം. വിശ്വസിക്കൂ.

## രണ്ട്

അഹശ്വേരോശ് രാജാവിനെ വധിക്കാൻ ചിലർ ഉദ്യമിക്കുകയുണ്ടായി. എക്കാലത്തും, പഴയകാലങ്ങളിൽ പ്രത്യേകിച്ചും, ചക്രവർത്തിമാരെ കൊന്ന് അധികാരം കൈയ്യാളാൻ കൊട്ടാരത്തിൽ തന്നെയുള്ള ഉന്നതസ്ഥാനത്തിരിക്കുന്നവർ ശ്രമിക്കാറുണ്ട്. അധികാരത്തിലിരിക്കുന്നവരുടെ അധികാരം തകിടം മറിച്ച് അധികാരം പിടിച്ചുപറ്റാൻ നോക്കുന്നതായ ആളുകൾ ഇന്നുമുണ്ട്. എല്ലായിടത്തുമുണ്ട്.

അന്ന് രണ്ട് ഉന്നതന്മാരായ ആളുകൾ അഹശ്വേരോശ് രാജാവിനെ കൊല്ലാൻ ഗൂഢാലോചന ചെയ്തു. ഈ ഗൂഢാലോചന പലരും അറിഞ്ഞില്ല. പക്ഷേ മൊർദ്ദേഖായി അറിഞ്ഞു. മൊർദ്ദേഖായി അത് രാജാവിനെ രഹസ്യമായി അറിയിച്ചു. രാജാവിനെ വധിക്കാൻ പരിപാടി തയ്യാറാക്കിയിരുന്നവരെ കൊല്ലാനും അത് കാരണമായി. അവരെ കൊന്നില്ലായിരുന്നെങ്കിൽ അഹശ്വേരോശ് രാജാവിന് ജീവനോടെ ഇരിക്കാൻ പറ്റില്ലായിരുന്നു.

രാജാവിനെ കൈയ്യേറ്റം ചെയ്തു കൊല്ലാൻ ശ്രമിച്ച രണ്ടു പേരെ സംബന്ധിച്ചും അവരുടെ ഗൂഢാലോചനയെ സംബന്ധിച്ചും അറിയിച്ച മൊർദ്ദേഖായി എന്ന യഹൂദനെ കുറിച്ചുള്ള വിവരങ്ങൾ ദിനവൃത്താന്തപുസ്തകത്തിൽ എഴുതിവെച്ചിരുന്നു. എല്ലാറ്റിലും ദൈവത്തിന്റെ കൈ ഉണ്ടായിരുന്നു.

ഒരുദിവസം എസ്ഥേർ രാജസന്നിധിയിലേക്ക് ചെന്നു. രാജാവ് അവളെ സ്വീകരിച്ചു. "എസ്ഥേർ രാജ്ഞി നിനക്ക് എന്താണ് വേണ്ടത്?" അവൾ പറഞ്ഞു. "ഞാൻ ഒരു വിരുന്നു കഴിക്കുന്നുണ്ട് അതിന് രാജാവും രാജാവിന്റെ ശ്രേഷ്ഠ മന്ത്രിയായ ഹാമാനും വരണമെന്ന് എനിക്ക് ആഗ്രഹമുണ്ട്."

ഹാമാന് വലിയ സന്തോഷം. "വിരുന്നിന് വേറെയാരെയും വിളിച്ചിട്ടില്ല. രാജാവിന്റെ കൂടെ എന്നെയാണ് വിളിച്ചിരിക്കുന്നത്." അവന്റെ അഹങ്കാരം വർദ്ധിച്ചു.

അവൻ വിരുന്ന് കഴിഞ്ഞ് തിരിച്ചു ചെന്നിട്ട് അവന്റെ ഭാര്യയും കൂട്ടുകാരുമായി ആലോചിച്ചു. മൊർദ്ദേഖായിയെ കൊന്നാൽ പോരാ. എവിടെ നിന്നു നോക്കിയാലും കാണത്തക്കവണ്ണം 70 അടി ഉയരമുള്ള കഴുമരം നാട്ടി അതിനു മുകളിൽ മൊർദ്ദേഖായിയെ തൂക്കണം. സകലരും കാണട്ടെ അവനെ. എന്നെ പൂജിച്ചില്ലെങ്കിൽ, എന്നെ മാനിച്ചില്ലെങ്കിൽ ഞാൻ എങ്ങനെയാണ് പ്രതികാരം ചെയ്യുന്നത് എന്ന് എല്ലാവരും കാണട്ടെ.

അങ്ങനെ കഴുമരം പണിതു. ഹാമാന്റെ കൊട്ടാരത്തിന്റെ മുറ്റത്താണ് കഴുമരം നാട്ടുന്നത്. കഴുമരത്തിന്റെ പണി കഴിഞ്ഞ് രാജാവിന്റെ അടുക്കൽ ചെന്ന് മൊർദ്ദേഖായിയെ കഴുമരത്തിൽ തൂക്കാനുള്ള കല്പന വാങ്ങുവാൻ ഹാമാൻ പോയി അവൻ കൊട്ടാര വാതിൽക്കൽ നിന്നു.

അന്ന് രാത്രി രാജാവിന് ഉറക്കം വന്നില്ല. തിരിഞ്ഞും മറിഞ്ഞും കിടന്നു. ഉറക്കം വരാതെ കിടന്നപ്പോൾ ദിനവൃത്താന്ത പുസ്തകം എടുത്തു. അങ്ങനെ ദിനവൃത്താന്ത പുസ്തകം എടുത്തുവായിച്ചപ്പോഴാണ് രാജാവിനെ കൊല്ലാൻ രണ്ടുപേർ ഗൂഢാലോചന ചെയ്തു എന്ന വിവരം എഴുതിയിരിക്കുന്നത് കണ്ടത്.

അവരെ കുറിച്ച് അറിവുകൊടുത്ത മൊർദ്ദേഖായിയെ ബഹുമാനിച്ചുവോ? പ്രതിഫലം കൊടുത്തോ? എന്ന് ഒന്നന്വേഷിക്കണം എന്ന് രാജാവിന് തോന്നി. രാജാവ് ഉടനെ വിളിച്ചു. “ആരാ അവിടെ ഉള്ളത്? ആരവിടെ?”

ഉടനെ പാറാവുകാർ പറഞ്ഞു: ശ്രേഷ്ഠ മന്ത്രിയായ ഹാമാൻ വന്നിട്ടുണ്ട്.

അവനെ വേഗം അകത്തേക്കു വിളിച്ചു. അവനോടു ചോദിച്ചു. രാജാവ് ഒരാളെ ബഹുമാനിക്കാൻ ഇച്ഛിച്ചാൽ എന്താണ് ചെയ്യേണ്ടത്?

ഉടനെ ഹാമാൻ ഓർത്തു; ബഹുമാനിക്കാൻ ഇച്ഛിക്കുന്നത്. എന്നെയല്ലാതെ മറ്റാരെയാണ്? അവനെ രാജാവിന്റെ വസ്ത്രം ധരിപ്പിക്കണം. രാജാവിന്റെ കുതിരയുടെ പുറത്ത് കയറ്റണം. രാജാവിന്റെ കിരീടം അണിയിക്കണം. രാജാവിന്റെ അതിശ്രേഷ്ഠ പ്രഭുക്കന്മാരിൽ ഒരുത്തൻ പട്ടണവീഥിയിൽകൂടെ എഴുന്നള്ളിച്ചുകൊണ്ട് നടന്ന് വിളിച്ചുഘോഷിക്കണം: “രാജാവ് ബഹുമാനിക്കാൻ ഇച്ഛിക്കുന്ന പുരുഷന് ഇങ്ങനെ ചെയ്യും.”

ഇതെല്ലാം എനിക്കു കിട്ടുമല്ലോ എന്നോർത്താണ് ഹാമാൻ ഇങ്ങനെ പറഞ്ഞത്. എന്നാൽ ഇതെല്ലാം മൊർദ്ദേഖായിയ്ക്ക്

ചെയ്തുകൊടുക്കൂ എന്ന് രാജാവ് കല്പ്പിച്ചു.

ഹാമാൻ വന്നത് എന്തിനാണ്? മൊർദ്ദഖായിയെ തൂക്കിക്കൊല്ലാൻ അനുവാദം മേടിക്കാൻ. എന്നാൽ മൊർദ്ദേഖായിയെ ബഹുമാനിക്കാൻ രാജാവ് കല്പിച്ചു. നീ തന്നെ അവന്റെ മുമ്പിൽ നടന്ന്, അവനെ എതിരേറ്റു കൊണ്ട് നടന്ന്, വിളിച്ചുപറഞ്ഞേക്കണം. “രാജാവ് ബഹുമാനിക്കാൻ ഇച്ഛിക്കുന്ന പുരുഷൻ” എന്ന്.

അനുസരിക്കാതിരിക്കാൻ പറ്റുമോ? അനുസരിച്ചു. മൊർദ്ദേഖായിയെ എതിരേറ്റ് അണിയിച്ചൊരുക്കി, ആഡംബരവിഭൂഷിതനാക്കി ശൂശൻ രാജധാനിയുടെ തെരുവീഥികളിലൂടെ വിളിച്ചുപറഞ്ഞുകൊണ്ടു നടന്നു.

ഹാമാൻ ക്ഷീണിതനായി. തിരിച്ചടിയായി പോയല്ലോ. ഇങ്ങനെ ഒരു വലിയ തിരിച്ചടി വരുമെന്നു പ്രതീക്ഷിച്ചില്ല. ഹാമാൻ നിരാശനായി.

വീണ്ടും എസ്ഥേർ രാജ്ഞി കൊട്ടാരത്തിലേക്ക് ചെന്നു. രാജാവിനോട് പറഞ്ഞു. എനിക്ക് ഒരു ആഗ്രഹം കൂടി ഉണ്ടായിരുന്നു. ഹാമാനും രാജാവും ഒരു പ്രാവശ്യം കൂടി കൊട്ടാരത്തിൽ വിരുന്നിനു വരണം. ഹാമാനെ അറിയിച്ചു. ഹാമാനും വന്നു. ഹാമാനും രാജാവും കൂടി വിരുന്നിനു ചെന്നു.

രാജാവ് ചോദിച്ചു: “എസ്ഥേർ രാജ്ഞി നിനക്കു എന്തു വേണം? രാജ്യത്തിന്റെ പാതി വേണമെങ്കിലും തരാം. എന്റെ ഉള്ളം അതുപോലെ നിന്നിൽ പ്രസാദിച്ചിരിക്കുകയാണ്.”

ഉപവാസം എടുത്ത് പ്രാർത്ഥിച്ചിരിക്കുകയായിരുന്നല്ലോ. അതാണ് കാരണം. എന്തു വേണമെങ്കിലും ചെയ്തു തരാം എന്ന് കേട്ടപ്പോൾ ഉടനെ അവൾ വളരെ വിനീതയായി കൂപ്പു

കൈയ്യോടെ നിന്നു പറഞ്ഞു:

"പൊന്നു തിരുമേനി, എന്റെ ജനത്തിനു വരുന്ന അനർത്ഥം ഞാൻ എങ്ങനെ കണ്ടുസഹിക്കും.? എന്റെ വംശത്തിന്റെ നാശവും ഞാൻ എങ്ങനെ കണ്ടുസഹിക്കും? ഞാൻ യഹൂദജാതിയിൽ പെട്ടവളാണ്. എന്റെ ആളുകളെ മുഴുവൻ കൊല്ലാൻ കല്പന പുറപ്പെടുവിച്ചിരിക്കുകയാണ്. എന്റെ ആളുകളെ മുഴുവൻ നശിപ്പിക്കാനാണ് തുടങ്ങുന്നത്."

രാജാവ് പെട്ടെന്ന് ക്ഷുഭിതനായി. ആരാണത്? എന്റെ രാജ്ഞിയുടെ സ്വന്തക്കാരെ നശിപ്പിക്കാൻ നോക്കുന്ന ദുഷ്ടൻ ആരാണ്?

അവൾ ഉടനെ പറഞ്ഞു. "അത് ദുഷ്ടമന്ത്രിയായ ഹാമാനാണ്."

ഹാമാൻ ഞെട്ടിപ്പോയി. രാജാവിനും വലിയ ഷോക്കായി. രാജാവ് വിഷമിച്ച് മുറിയിൽ നിന്നിറങ്ങിപ്പോയി.

ഹാമാൻ രാജ്ഞിയുടെ കാലു പിടിക്കാൻ അവിടെ വീണു. അവൾ മാറിയതു കൊണ്ട് വീണത് അവളുടെ കിടക്കയിൽ. രാജാവ് കോപം ഒന്ന് ആറിത്തണുത്ത്, വന്നപ്പോഴേക്കും രാജ്ഞിയുടെ കിടക്കയിൽ ഹാമാൻ കിടക്കുന്നു! രാജാവിന് സഹിച്ചില്ല. ഈ ദുഷ്ടനെ വേഗം ഇവിടുന്ന് മാറ്റിക്കളയൂ എന്നു പറഞ്ഞു.

സേവകർ ഹാമാനെ അപ്പോൾ തന്നെ പിടികൂടി. അവർ പറഞ്ഞു. ഹാമാൻ മൊർദ്ദേഖായിക്ക് ഒരുക്കിയിരിക്കുന്ന കഴുമരം അവന്റെ വീട്ടിൽ ഉണ്ട്.

ഹാമാനെ കൊണ്ടുപോയി അവിടെത്തന്നെ തൂക്കി.

മൊർദ്ദേഖായിയെ തൂക്കാനായി ഹാമാൻ കരുതിയ കഴുമരത്തിൽ ഹാമാനെ തൂക്കി.

എസ്ഥേർ രാജ്ഞി വീണ്ടും രാജാവിനോടു പറഞ്ഞു. ഇനി നീ എന്താ ചെയ്യുക. കല്പന പുറപ്പെട്ടുപോയില്ലേ. എന്റെ ജനത്തിന് നാശം വരുത്താനുള്ള കല്പന പുറപ്പെട്ടുപോയല്ലോ.

അപ്പോൾ രാജാവിന്റെ രണ്ടാമത്തെ കല്പന പുറപ്പെട്ടു. "യഹൂദന്മാരെ ആരും ഒന്നും ചെയ്തുപോകരുത്. യഹൂദന്മാരെ ആരെങ്കിലും ഉപദ്രവിച്ചാൽ അവരെ നശിപ്പിക്കും." എന്ന പുതിയ കല്പന.

കല്പന പുറപ്പെടുവിച്ചപ്പോൾ യഹൂദന്മാർക്ക് വലിയ സന്തോഷമുണ്ടായി. അവരെ നശിപ്പിക്കും എന്നു പറഞ്ഞ ദിവസം അവർ ഉത്സവമായി കൊണ്ടാടി. അതാണ് യഹൂദന്മാരുടെ പൂരീം പെരുന്നാൾ.

## മൂന്ന്

"രാജാവും ഹാമാനും കുടിക്കാനിരുന്നു.
ശൂശൻ പട്ടണമോ കലങ്ങിപ്പോയി."

എസ്ഥേർ 3:15

രാജാവും ഹാമാനും കുടിപ്പാൻ ഇരുന്നു. വലിയോരു വിഭാഗം ജനങ്ങൾ തളരുന്നതും തകരുന്നതും രാജാവിന് വിഷയമല്ല. പാവപ്പെട്ട ജനങ്ങൾ ചിതറിപ്പാർക്കുന്ന നാനാദേശത്തുള്ള സാധുക്കളായ ആളുകൾ, ദൈവമക്കൾ വലയുന്നതോ നശിക്കുന്നതോ കവർച്ച ചെയ്യപ്പെടുന്നതോ രാജാവിനോ ഹാമാനോ വിഷയമില്ല. അവർ കുടിക്കുകയാണ്. അവർ കൊട്ടാരത്തിലിരുന്ന് കുടിക്കുകയാണ്. അവർ സന്തോഷമായി സദ്യ കഴിക്കുകയാണ്.

ഞെളിപിരിക്കൊള്ളുന്ന ജനലക്ഷങ്ങളുള്ള സമൂഹത്തിൽ, ഇടംകൈ ഏത്, വലംകൈ ഏത്, എന്ന് തിരിച്ചറിയാത്ത സമൂഹത്തിൽ, സ്വർഗ്ഗമുണ്ടോ നരകമുണ്ടോ എന്നറി

യാൻ വയ്യാത്ത സമൂഹത്തിൽ, മരണശേഷമുള്ള നിത്യതയെ കുറിച്ച് കേട്ടുകേൾവി ഇല്ലാത്ത സമൂഹത്തിൽ, പാവപ്പെട്ട ജനം സ്വസ്ഥതയില്ലാതെ അലയുകയും മനസ്സമാധാനമില്ലാതെ വിഷമിക്കുകയും ചെയ്യുന്ന സമൂഹത്തിൽ, അവരെ കുറിച്ചൊന്നും ചിന്തിക്കാതെ ജനം കൊടുക്കുന്ന കരം മാത്രം പിരിച്ചെടുത്ത് അവരിൽ നിന്ന് കൊണ്ടു വാ കൊണ്ടുവാ എന്ന് പറഞ്ഞ് എപ്പോഴും വാങ്ങി വാങ്ങി കൂട്ടി പല രീതിയിലുള്ള കരം ചുമത്തി, അതെല്ലാം കൊണ്ടും മേളിച്ച് മദിക്കുന്ന രാജാവുള്ള കാലം!

എക്കാലത്തും അധീശവർഗ്ഗം പാവപ്പെട്ടവന്റെ വേദന കാണാറില്ല. മേലാള വർഗ്ഗം ഒരിക്കലും സാധുവിന്റെ വേദന കാണില്ല. അധികാരികൾ എപ്പോഴും ദരിദ്രജനലക്ഷങ്ങളെക്കുറിച്ച് ചിന്തിക്കാറില്ല.

കാലത്തിനു ഒരു തിരിച്ചടിയുണ്ട്. ഞാനീ പറയുന്നത് ആത്മീയമായ ദാരിദ്ര്യത്തെ കുറിച്ചാണ്. അതിലേക്ക് നിങ്ങളുടെ ശ്രദ്ധ കൊണ്ടുവരണം. സത്യവചനം ശരിയായി പഠിപ്പിക്കുന്ന കൂട്ടായ്മകൾ ഉണ്ടാകണം. വിശുദ്ധികൈമുതലാക്കി ക്രിസ്തുവിന്റെ സ്നേഹത്തെ പ്രഘോഷിക്കുന്ന സമൂഹങ്ങൾ ഉണ്ടാകണം.

സുഖമായി ഇരുന്ന് കളിക്കുയാണ്. രസിക്കുകയാണ്. മേളിക്കുകയാണ്. "രാജാവും ഹാമാനും കുടിപ്പാനിരുന്നു. ശൂശൻ പട്ടണം കലങ്ങിപ്പോയി." പട്ടണത്തിലുള്ള ജനം എല്ലാം കലങ്ങുകയാണ്. സാധുക്കൾ വലയുകയാണ്. അവർക്ക് വരാൻ പോകുന്ന നാശത്തെ കുറിച്ചുള്ളതായ വിളംബരം പ്രസിദ്ധമായിക്കഴിഞ്ഞു. അവർക്കു വരാനിരിക്കുന്ന അപകടത്തെ കുറിച്ച് കല്പന പുറപ്പെട്ടു കഴിഞ്ഞു.

അധികാരിയായ രാജാവിന്റെ കല്പനയാണ് വന്നിരിക്കുന്നത്. അഹശ്വേരോശ് രാജാവിന്റെ കല്പന കേട്ടതോടുകൂടി പട്ടണം കലങ്ങിപ്പോയി.

നിങ്ങൾ സമൂഹത്തിന്റെ ചലനങ്ങളെ കണ്ടില്ല എന്നു നടിക്കരുത്. ജീവിതത്തിൽ ലക്ഷ്യബോധമില്ലാതെ നഷ്ടപ്പെട്ടു പോകുന്ന യുവജനങ്ങളെ കുറിച്ച് നിങ്ങൾ ചിന്തയില്ലാതെ പോകരുത്. അനേകം യുവാക്കന്മാർ നമ്മുടെ വിദ്യാർത്ഥീ വിദ്യാർത്ഥിനികൾ സുബോധമില്ലാത്തവരെ പോലെ വഴി തെറ്റിപ്പോകുന്നത് നിങ്ങൾ കണ്ടില്ല എന്നു നടിക്കരുത്. അനേകം യുവതീ യുവാക്കന്മാർ നാശകരമായ വഴിയിലൂടെ സൈരസഞ്ചാരം നടത്തികൊണ്ടിരിക്കുയാണ്. അപകടമാണെന്നറിയുന്നില്ല.

ഞാൻ വായിച്ചു: പത്തിരുപത്തിഅഞ്ച് പന്നിയുണ്ട്. പന്നി വളർത്തുന്ന ആൾ പന്നിയെ കൊണ്ടുപോകുകയാണ്. പന്നിയെ വലിച്ചുകൊണ്ടു പോകണ്ട. പന്നിയെ പിടിച്ചു കൊണ്ടു പോകണ്ട. ഇയാളുടെ പുറകെ പന്നി തുള്ളിക്കളിച്ചുപോകുകയാണ്. വളരെ സന്തോഷത്തോടെയാണ് പോകുന്നത്. ഒരാൾ ചോദിച്ചു.

ഈ പന്നികൾ ഇങ്ങനെ സന്തോഷത്തോടെ പോകുന്നത് എന്താണ്? അതിനെ കയറിട്ടിട്ടില്ല. ആ പന്നിക്ക് ഏറ്റവും പ്രിയപ്പെട്ട ഒരു തരം പയറ് അയാൾ വഴിയിലിട്ടു കൊണ്ടാണ് പോകുന്നത്. ആ പയറ് കടിച്ചു തിന്ന് പന്നി രസിച്ചു കൊണ്ടാണ് പോകുന്നത്. ഇയാളുടെ കയ്യിൽ ആ പയറുണ്ട്. ഇയാളുടെ കയ്യിലെ പയറ് തിന്നാനുള്ള ആർത്തി കൊണ്ട് ഈ പന്നികളെല്ലാം പോകുകയാണ്.

ഒരു കശാപ്പുശാലയിലേക്ക് ആ മനുഷ്യൻ കടന്നു.

പന്നിയും കടന്നു. പിന്നെ കേൾക്കാം ഒരു അലർച്ച. പന്നികളെ ഓരോന്നിനെ കൊല്ലുകയാണ്. ഈ രസമുള്ള പയറ് കൊടുത്ത്, ആകർഷിച്ച്, മധുരം കൊടുത്തു കൊണ്ടുപോകുന്നു. അതിനെ കൊല്ലാൻ കൊണ്ടുപോകുകയാണ്.

ഇന്ന് പിശാച് നമ്മുടെ യുവാക്കന്മാരെ കൊല്ലാൻ കൊണ്ടുപോകുകയാണ്. ഭീകര സംഘടനയിലേക്ക് യുവാക്കന്മാർ ആകർഷിക്കപ്പെടുന്നു. മാഫിയസംഘങ്ങളിലേക്ക് യുവാക്കൾ ചെന്നുചേരുന്നു.

അധോലോകത്തിലേക്ക് യുവാക്കന്മാർ ചേക്കേറുന്നു. അനേകം യുവതിയുവാക്കൾ അധോലോകത്തിന്റെ അംഗങ്ങളായി തീരുന്നു. നാമാരും അറിയുന്നില്ല.

ഒരു ലേഖനം ഞാൻ വായിച്ചു. പ്രശസ്തയായ ഒരു വനിത എഴുതിയിരിക്കുകയാണ്. അവരുടെ സഹോദരൻ പഠിക്കാൻ ബഹുമിടുക്കനായിരുന്നു. വളരെ സമർത്ഥനായ യുവാവ്. സുന്ദരനായ യുവാവ്. നല്ല ഊർജ്ജ്വസ്വലതയുള്ള യുവാവ്. അവൻ പ്രൊഫഷണൽ കോളേജിൽ പഠിക്കുകയാണ്. പത്താം ക്ലാസ്സും പന്ത്രണ്ടാം ക്ലാസ്സും നല്ല മാർക്കോടു കൂടി പാസ്സായി. അവന് നല്ല കോളേജിൽ അഡ്മിഷൻ കിട്ടി.

ആദ്യത്തെ ആഴ്ചകളിൽ തന്നെ ഭയങ്കരമായ റാഗിംഗ്. ഏതാനും ദിവസം കഴിഞ്ഞപ്പോൾ ഈ പയ്യന്റെ സ്വഭാവം മാറി. അവന് വലിയ നിരാശ, അവന് മിണ്ടാട്ടമില്ല. അവന് മൗനം. അവൻ വീട്ടിൽ വന്നാൽ വീട്ടിൽ മുറിക്കകത്ത് കയറി ഇരിക്കും. ആരോടും മിണ്ടാട്ടമില്ല.

അവന്റെ പെങ്ങൾ അവനോട് ചോദിച്ചു. എന്തു പറ്റി? പല വട്ടം നിർബ്ബന്ധിച്ചപ്പോൾ അവൻ പറഞ്ഞു. അവനെ ക്രൂര

മായി റാഗ് ചെയ്തു. എന്തൊക്കെയാണ് ചെയ്തത് എന്ന് മിണ്ടിയില്ല. അവനെ ക്രൂരമായി റാഗ് ചെയ്തെന്നു മാത്രം. അത്ര ഭയങ്കരമായ റാഗിംഗ്. അവർ അവനെ പിടിച്ചു നിർത്തി മയക്കുമരുന്ന് ബലമായി കുത്തിവച്ചു. ഈ ചെറുപ്പക്കാരന് മനസ്സിന്റെ സമനില നഷ്ടപ്പെട്ടു. ബുദ്ധിയുള്ള ചെറുപ്പക്കാരനായിരുന്നു. ഒന്നും ഓർക്കാൻ പറ്റുന്നില്ല. അവന്റെ ബുദ്ധി ക്ഷയിച്ചു. അവൻ മൗനിയായി. ഒടുവിൽ അവൻ ആത്മഹത്യ ചെയ്തു.

അനേകം യുവജനങ്ങൾ കുരുന്നിലേ നശിച്ചുകൊണ്ടിരിക്കുന്നു. കരിഞ്ഞുകൊണ്ടിരിക്കുന്നു. ആർക്കുണ്ടു വേദന? ആർക്കതിനെ കുറിച്ച് ചിന്തയുണ്ട്? ഉച്ച കഴിഞ്ഞ് മൂന്ന് മണിയാകുമ്പോൾ ചില ചെറുപ്പക്കാർ കനാലിൽ പോയി കിടക്കും. കഞ്ചാവ് അടിച്ച് കിറുങ്ങിക്കിടക്കുകയാണ്. ബുദ്ധിയുള്ള കുട്ടികളാണ്. കോളേജുകളിലെ കാഴ്ചയാണ്.

ഓരോ വൃക്ഷത്തിന്റെ ചുവട്ടിലും ഓരോ തൂണിന്റെ മറവിലും കാണും ഒരു യുവാവും യുവതിയും. പ്രേമവിഹാരമാണ്. എന്തെല്ലാം അഴിമതികളിലേക്കാണ് യുവജനങ്ങൾ വഴുതിപ്പോകുന്നത്! ഫ്രീ സെക്സ്. പ്രീ മാരിറ്റൽ സെക്സ്. (കല്യാണത്തിനു മുമ്പുള്ള ലൈംഗികബന്ധങ്ങൾ) കല്ല്യാണത്തിനു ശേഷമുള്ള വിവാഹേതര ബന്ധങ്ങൾ. ഇവയെല്ലാം തെറ്റായി കാണാത്ത കാലഘട്ടത്തിലേക്കു നാം വന്നിരിക്കുകയാണ്.

മറ്റൊരാപത്ത് cohabitation. അവിവാഹിതർ വിവാഹിതരെപ്പോലെ ഒരുമിച്ച് ജീവിക്കുന്നു. സാന്മാർഗ്ഗികാരാജകത്വവും ധാർമ്മികാപചയവും ഇന്ന് മനുഷ്യരെ കാർന്നു തിന്നുകൊണ്ടിരിക്കുകയാണ്.

Dating ഇന്ന് യുവാക്കളെ വഴി തെറ്റിക്കുന്ന ഒരനർത്ഥമായി ഭവിച്ചിരിക്കുകയാണ്. കേരളത്തിലെ 72% പെൺകുട്ടികളും 78% ആൺകുട്ടികളും Dating-നെ അനുകൂലിക്കുന്നു എന്ന് ഗവേഷണപഠനങ്ങൾ വ്യക്തമാക്കുന്നു. ആൺകുട്ടികളാണ് cohabitation. കൂടുതൽ ഇഷ്ടപ്പെടുന്നത്.

സാമൂഹിക പ്രതിബദ്ധതയുള്ള ഒരു മഹതിയുടെ അഭിപ്രായം കേൾക്കൂ:

“വിദ്യാഭ്യാസമുള്ള ലൈംഗികാഭാസന്മാർ തിങ്ങിപ്പാർക്കുന്ന ഇടമാണ് നമ്മുടെ നാട്.” പ്രായവും പക്വതയും വരാതെയുള്ള ലൈംഗികബന്ധം ലൈംഗികരോഗങ്ങളെ ക്ഷണിച്ചുവരുത്തുന്നു എന്ന് ആധുനിക പഠനങ്ങൾ വെളിപ്പെടുത്തുന്നുണ്ട്.

ആധുനിക തലമുറ മൊബൈൽ സംസ്ക്കാരത്തിന്റെ ഇരകളായി തീർന്നിരിക്കുകയാണ്. ഹെഡ്ഫോൺ, ഇയർഫോൺ, ഐപ്പോഡ്, ഓർക്കുട്ട്, ബ്ലോഗ് മുതലായവ യുവതലമുറയെ വഴിതെറ്റിക്കുന്ന മാർഗ്ഗങ്ങളാണ്.

നമ്മുടെ യുവതലമുറ കൊടിയ അന്ത: സംഘർഷത്തിലാണ്. മാനസികപിരിമുറുക്കത്തിൽ വീർപ്പുമുട്ടുകയാണ്. അമിത മാനസികസമ്മർദ്ദം കൊണ്ട് Irritable bowel syndrom എന്ന രോഗം അനേകം യുവാക്കന്മാരെ പിടികൂടിയിരിക്കുന്നു.

ഇന്ന് മാരകമായ ഒരു ബാധയായി യുവാക്കന്മാരെ വലയിലാക്കിയിരിക്കുന്ന ഒരു ഭീകരപ്രസ്ഥാനമാണ് സാത്താൻ സേവ (Satanic Worship) “നഗരം നരകമാക്കാൻ ചെകുത്താന്റെ ആരാധകർ. കൊച്ചിയിൽ വീണ്ടും സാത്താൻ ആരാ

ധന സജീവമാകുന്നു." എന്ന തലക്കെട്ടിൽ മെട്രോമനോരമയിൽ ശ്രീ. ഡി.എഫ്. ദിലീപ്കുമാർ എഴുതിയ ശ്രദ്ധേയമായ ലേഖനം നാടിന്റെ അധ:പതനത്തിന്റെ ഭയാനകത്വം വെളിപ്പാക്കുന്നു. 'തലവെട്ടികൾ' എന്നറിയപ്പെടുന്ന ഒരു ഗ്രൂപ്പാണ് അതിന്റെ പിന്നിൽ. 'കറുത്ത കുർബ്ബാന' എന്ന 'Black Mass' അവർ നടത്തുന്നു. സകല സാന്മാർഗ്ഗീക മൂല്യങ്ങളെയും തകർക്കുന്ന "ആരാധന"യാണത്.

കുരിശിനെ അവർ തലകീഴായി കെട്ടിത്തൂക്കുന്നു. അൾത്താരയെപ്പോലെ ഉയർന്ന ഒരു സ്ഥലത്ത് നഗ്നയായ ഒരു സ്ത്രീയെ ബലിവസ്തുവായി കിടത്തുന്നു. ആ സ്ത്രീയുടെ ലൈംഗീകാവയവങ്ങളെ പൂജിക്കുന്നു. തുടർന്ന് സാത്താൻ വചനങ്ങളെ ഉച്ചരിക്കുന്നു.

ചടങ്ങിനിടയിൽ തലകീഴായി തൂക്കിയിരിക്കുന്ന കുരിശിൽ ചവിട്ടുകയും തുപ്പുകയും തുടർന്ന് കത്തിക്കുകയും ചെയ്യുന്നു. മനുഷ്യന്റെയോ മൃഗത്തിന്റെയോ ചോരമറ്റുള്ളവർക്ക് കുടിക്കാൻ കൊടുക്കുന്നു. മറയില്ലാത്ത ലൈംഗികതയും മദ്യവും മയക്കുമരുന്നും കൊലപാതക മുൾപ്പെടെയുള്ള ഘോരകൃത്യങ്ങളും അവിടെയുണ്ട്.

വിവിധയിടങ്ങളിൽ വിദ്യാർത്ഥികൾക്കിടയിൽ "ബ്ലാക്ക്മാസി"ന്റെ സ്വാധീനം വർദ്ധിച്ചുവരുന്നതായി മറ്റൊരു പ്രസിദ്ധീകരണത്തിന്റെ "ഫ്ളാഷ് ബ്യൂറോ" കണ്ടെത്തുകയുണ്ടായി. (2009 ജൂൺ 12)

"ലഹരി മരുന്നിനൊപ്പം ആഭിചാരം. കൊച്ചിക്ക് പുതിയൊരു കളങ്കംകൂടി." എന്ന ലേഖനത്തിൽ ശ്രീ. ജിജോ ജോൺ പുത്തേഴത്ത് ഇപ്രകാരം എഴുതി: "ലഹരി മരുന്നു സേവിച്ചശേഷം നടക്കുന്ന നഗ്നനൃത്തം, കറുത്ത നിറമുള്ള

പാത്രത്തിൽ ശേഖരിച്ച അശുദ്ധരക്തം, ത്രികോണാകൃതിയിൽ മുറിച്ച അപ്പം, തലയോട്ടിയിൽ ശേഖരിച്ച മൂത്രം എന്നിവയത്രേ ബ്ലാക്ക് മാസിലെ പൂജാദ്രവ്യങ്ങൾ."

നിങ്ങളുടെ മക്കൾ എങ്ങോട്ട് പോകുന്നു എന്ന്, നിങ്ങളുടെ കുടുംബം എങ്ങനെ നശിക്കുന്നു എന്ന് ചിന്തിക്കണം. നിങ്ങൾ ആർക്കുവേണ്ടി സമ്പാദിക്കണം? ആർക്കു വേണ്ടി നിങ്ങൾ ജോലി ചെയ്യണം?

ഇന്ത്യയിൽ നിന്ന് ഗൾഫിൽ പോയി ജോലി ചെയ്യുന്നവരുണ്ട്. അമേരിക്കയിൽ പോയി ജോലി ചെയ്യുന്നവരുണ്ട്. എന്തിനാണ് ജോലി ചെയ്യുന്നത്? മക്കൾക്കുവേണ്ടി. മക്കൾ നഷ്ടപ്പെട്ടിട്ട് പിന്നെ ആർക്കുവേണ്ടി സമ്പാദിക്കണം? മക്കൾ കൈമോശം വന്നിട്ട് ആർക്കു വേണ്ടി സമ്പാദിക്കണം? മക്കൾ മാഫിയ സംഘത്തിൽ പെട്ടിട്ട് ആർക്കുവേണ്ടി സമ്പാദിക്കണം? മക്കൾ കൊള്ളക്കാരുടെയും ഭീകരന്മാരുടെയും കയ്യിൽ പെട്ട് ഞെരിയുമ്പോൾ ആർക്കു വേണ്ടി സമ്പാദിക്കണം?

രാജാവും ഹാമാനും കുടിപ്പാനിരുന്നു. ശൂശൻ പട്ടണമോ കലങ്ങിപ്പോയി. കലങ്ങിപ്പോയി പട്ടണം. സഭകൾ കലങ്ങിക്കിടക്കുന്നു. ഏതെങ്കിലും പ്രത്യേക സഭ മാത്രമല്ല. സഭകളെല്ലാം കലങ്ങിക്കിടക്കുന്നു. സഭകൾ ഉറങ്ങുന്നു. തലമുറകൾ മുടിയുന്നത് ആർക്കും വിഷയമല്ല.

എല്ലായിടത്തും തൊഴുത്തിൽ കുത്തും കിടമത്സരവും. അങ്ങോട്ടുമിങ്ങോട്ടും പോരാണ്. ആരുടെ പേരിൽ? യേശുവിന്റെ പേരിൽ. യേശു ആരാണ്? സ്നേഹത്തിന്റെ രാജാധിരാജൻ. സ്നേഹത്തിന്റെ രാജാധിരാജന്റെ പേരിൽ ഇന്ന് മത്സരങ്ങളാണ്.

ഇന്ന് വെറിക്കൂത്തുകൾ നടക്കുന്നു. മതത്തിന്റെ പേരിൽ എന്തെല്ലാമാണ് നടക്കുന്നത്? വർഗ്ഗീയത്തിന്റെ പേരിൽ സംഘട്ടനങ്ങൾ. പണ്ട് ചങ്ങമ്പുഴ കൃഷ്ണപിള്ള പാടി.

"മതത്തിൻ പേരും പറഞ്ഞയ്യയ്യോ! പടിഞ്ഞാറ്
മനുഷ്യൻ മനുഷ്യനെ കൊന്നു കൊന്നൊടുക്കുമ്പോൾ
ഭാരതത്തിലെ നീണ്ട താടിക്കാർ, കാട്ടാളന്മാർ,
പോരെങ്കിൽ പരിഷ്ക്കാരശൂന്യമാർ, കറമ്പന്മാർ,
നേരിന്റെ നാടും തേടി, സ്നേഹത്തിൻ പാട്ടും പാടി,
ചാരുവാമൈക്യത്തിന്റെ പൂന്തോപ്പിലൂഞ്ഞാലാടി,
പീരങ്കിയാൽ പശ്ചിമമലറാനാശിച്ചപ്പോൾ
ഭാരതം ഇരുന്നൊരു കൊച്ചോടക്കുഴലൂതി."

ഇന്ന് മതത്തിന്റെ പേരിലുള്ള ആക്രമണങ്ങൾ. വർഗ്ഗീയത്വത്തിന്റെ പേരിലുള്ള ഭ്രാന്തുകൾ.

സ്നേഹമെല്ലാം പൊയ്പ്പോയില്ലേ? ഇന്ന് വീടുകളിൽ വൈരാഗ്യമല്ലേ? അപ്പനും അമ്മയും തമ്മിൽ വഴക്കല്ലേ? പിന്നെ മക്കൾ എങ്ങനെ നേരെയാകും? കിടപ്പറ കോടതിമുറിയല്ലേ.

അമ്മ അപ്പനെ അനുസരിക്കുന്നില്ല. അപ്പൻ അമ്മയെ സ്നേഹിക്കുന്നില്ല. വേണമെങ്കിൽ കുടുംബസമാധത്തെ കുറിച്ച് പ്രസംഗിക്കും. പക്ഷെ കുടുംബത്തിൽ സമാധാനമില്ല. കിടപ്പറയിൽ സമാധാനമില്ല. കിടപ്പറയിൽ സന്തോഷമില്ല.

സ്നേഹത്തിനു വേണ്ടി കേഴുന്ന ജനതയെയല്ലേ നാം കാണുന്നത്. സ്നേഹത്തിനു വേണ്ടി എരിപിരികൊള്ളുന്ന സമൂഹത്തെയല്ലേ നാം കാണുന്നത്. സ്നേഹത്തിന്റെ പട്ടി

ണിയിൽ വലയുന്നതായ ഭാര്യമാർ. സ്നേഹത്തിന്റെ പട്ടിണിയിൽ ഉലയുന്നതായ ഭർത്താക്കന്മാർ. സ്നേഹത്തിന്റെ പട്ടിണിയിൽ വലയുന്നതായ മക്കൾ. സ്നേഹം കിട്ടാനാണ് ആഗ്രഹിച്ചത്.

മക്കൾ എങ്ങോട്ടു പോകുന്നു എന്ന് ക്ലബ്ബിൽ പോയി മേളിച്ച് രസിച്ച് വീട്ടിൽ വൈകിയെത്തുന്ന മാതാപിതാക്കൾ അറിയുന്നില്ല. മദ്യപിച്ച് കിറുങ്ങി രാത്രി എപ്പോഴോ കടന്നു വരുന്ന അപ്പനും അമ്മയും അറിയുന്നില്ല മക്കൾ എങ്ങനെ ഇരിക്കുന്നു എന്ന്. അവർ ആ സമയം മുഴുവൻ ടി.വിയുടെ മുമ്പിലോ ഇന്റർനെറ്റിന്റെ മുമ്പിലോ ഇരുന്ന് ചീത്തപടങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്.

നിങ്ങളുടെ വീട്ടിൽ ഒരു കമ്പ്യൂട്ടർ ഉണ്ടെങ്കിൽ എല്ലാവരും കാണത്തക്കവണ്ണം വയ്ക്കണം. പിള്ളേരുടെ മുറിയിൽ അത് രഹസ്യമായി വയ്ക്കരുത്. അല്ലെങ്കിൽ നിങ്ങളുടെ മക്കൾ വഷളായി പോകുന്നെങ്കിൽ നിങ്ങളായിരിക്കും ഉത്തരവാദി.

പിള്ളേർക്കൊന്നും സാധാരണഗതിയിൽ മൊബൈൽ ഫോൺ വാങ്ങിക്കൊടുക്കരുത്. ഇപ്പോഴത്തെ ഫാഷനല്ലേ കയ്യിൽ മൊബൈൽ ഫോൺ . മൊബൈൽ ഫോൺ ചാറ്റിംഗ് ചിലപ്പോൾ ചീറ്റിംഗ് ആയിപ്പോയേക്കും. വഴി വിട്ട് പോകുന്നതിന് നിങ്ങൾ കൂട്ടുനില്ക്കരുത്. ശൂശൻ പട്ടണം കലങ്ങിപ്പോയോ?

ഇന്ന് വിദ്യാർത്ഥികൾ പലപ്പോഴും ടിവിയുടെ മുമ്പിലാണ്. അതും സീരിയലിന്റെ മുമ്പിൽ. അല്ലെങ്കിൽ ക്രിക്കറ്റിന്റെ മുമ്പിൽ. അല്ലെങ്കിൽ ഏതെങ്കിലും കാർട്ടൂണിന്റെ മുമ്പിൽ. പഠിക്കാനുള്ള സമയമാണ് പോകുന്നത്. നല്ല സ്ഥാനത്തെ

ത്തേണ്ട കുഞ്ഞുങ്ങളാണ് നശിക്കുന്നത്.

രാഷ്ട്രീയ അതിപ്രസരത്തിലും വിദ്യാർത്ഥി സംഘടന കളിലും കൊള്ളരുതാത്ത ഇടങ്ങളിലും പ്രേമ വേഴ്ചകളിലും എല്ലാമായി നമ്മുടെ കുഞ്ഞുങ്ങൾ തകരുകയാണ്. അവർ ഉയർന്ന തലങ്ങൾ കൈയ്യടേക്കണ്ടവരാണ്. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

“രാജാവും ഹാമാനും കുടിപ്പാനിരുന്നു, ശൂശൻ പട്ടണമോ കലങ്ങിപ്പോയി.”

## നാല്

"നീ രാജധാനിയിൽ ഇരിക്കയാൽ എല്ലാ യഹൂദന്മാരിലും വച്ച് രക്ഷപ്പെട്ടുകൊള്ളാമെന്ന് വിചാരിക്കേണ്ട. നീ ഈ സമയത്ത് മിണ്ടാതിരുന്നാൽ യഹൂദന്മാർക്ക് മറ്റൊരു സ്ഥലത്തു നിന്ന് ഉദ്ധാരണവും രക്ഷയും ഉണ്ടാകും, എന്നാൽ നീയും നിന്റെ പിതൃഭവനവും നശിച്ചുപോകും......"

എസ്ഥേർ 4:13–14

തന്റെ ജനത്തെ ദൈവം നോക്കും. തന്റെ സന്നിധിയിലേക്ക് ആകർഷിക്കപ്പെട്ട ജനത്തെ ദൈവം പരിപാലിക്കും. സംശയമില്ല. അബ്രഹാമിന് ദൈവം കൊടുത്ത വാഗ്ദത്തം അതല്ലേ?

"യഹോവ അബ്രഹാമിനോട് അരുളിച്ചെയ്തത് എന്തെന്നാൽ : നീ നിന്റെ ദേശത്തെയും ചാർച്ച

ക്കാരെയും പിതൃഭവനത്തെയും വിട്ട് പുറപ്പെട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക. ഞാൻ നിന്നെ വലിയോരു ജാതിയാക്കും, നിന്നെ അനുഗ്രഹിച്ച് നിന്റെ പേർ വലുതാക്കും, നീ ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും."

ഉല്പ്പത്തി 12:1–3

നിത്യനായ ദൈവത്തിന്റെ വാഗ്ദത്തം : ദൈവപൈതലേ നീ ഒറ്റയ്ക്കല്ല. നിന്റെ കൂടെ ഞാനുണ്ട്. നിന്നെ താങ്ങാൻ ഞാനുണ്ട്. നിന്നെ സഹായിപ്പാൻ ഞാനുണ്ട്. നീ എന്റെ ഭാഗത്ത് നിന്നാൽ മാത്രം മതി. നീ തളരണ്ട.

നിന്നെ ഞാൻ വലിയോരു ജാതിയാക്കും. സ്വർഗ്ഗത്തിലെ ദൈവം അബ്രഹാമിനു കൊടുത്ത വാഗദത്തം സന്തതിപരമ്പരകളിലേക്ക് പടർന്നു കയറുന്ന വാഗ്ദത്തമാണ്. ആ വാഗ്ദത്തം ദൈവം നിവർത്തിക്കും. ദൈവം പണ്ടു വാഗ്ദത്തം ചെയ്തതെന്തെന്ന് മൊർദ്ദേഖായിക്ക് അറിയാം. അവന് വചനത്തിൽ വിശ്വാസമുണ്ട്. നിങ്ങൾക്ക് വചനത്തിൽ വിശ്വാസം വേണം.

മൊർദ്ദേഖായി പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. മൊർദ്ദേഖായി കരഞ്ഞുകൊണ്ട് കൊട്ടാരത്തിനു പുറത്ത് നടക്കുകയാണ്. തക്കസമയത്ത് എസ്ഥേറിനെ ഓർമ്മപ്പെടുത്തുകയാണ്. അത് പരിശുദ്ധാത്മാവ് ചെയ്യുന്ന കാര്യമാണ്.

പരിശുദ്ധാത്മാവ് ഓർമ്മപ്പെടുത്തുന്നത് ഒന്നു കൂടി വായി

ക്കാം. “നീ രാജധാനിയിൽ ഇരിക്കയാൽ എല്ലാ യഹൂദന്മാരിലും വച്ച് രക്ഷപ്പെട്ടുകൊള്ളാമെന്ന് വിചാരിക്കണ്ട നീ ഈ സമയത്ത് മിണ്ടാതിരുന്നാൽ യഹൂദന്മാർക്ക് മറ്റൊരു സ്ഥലത്ത് നിന്ന് ഉദ്ധാരണവും രക്ഷയും ഉണ്ടാകും. എന്നാൽ നീയും നിന്റെ പിതൃഭവനവും നശിച്ചുപോകും.” നീ അധികാര സ്ഥാനത്തു വന്നിരിക്കുന്നത്, നിന്നെക്കൊണ്ട് ചില കാര്യങ്ങൾ ചെയ്യാൻ ദൈവത്തിനുദ്ദേശമുള്ളതുകൊണ്ടാണ്.

നിങ്ങൾക്ക് ചില നല്ല കാര്യങ്ങൾ പ്രവർത്തിക്കാൻ സാധിക്കും. ആരെയും ഭയപ്പെടണ്ട. ആരുടെയും മുഖം നോക്കണ്ട. ഹൃദയത്തിൽ പാപമില്ലെങ്കിൽ ഒന്നും പേടിക്കണ്ട. ആരോടും വൈരാഗ്യം ഇല്ലാതിരുന്നാൽ മതി. മ്ലേച്ഛചിന്തകൾ ഹൃദയത്തിൽ വരാതിരുന്നാൽ മതി. ഉദ്ദേശശുദ്ധിയോടെ നിന്നാൽ മതി. സ്ഥാപിത താൽപര്യങ്ങൾ ഇല്ലാതിരുന്നാൽ മതി.

എസ്ഥേർ ഉണർന്നു.

> “നീ ചെന്ന് ശൂശനിലുള്ള എല്ലാ യഹൂദന്മാരെയും ഒന്നിച്ചു കൂട്ടി: നിങ്ങൾ മൂന്നുദിവസം രാവും പകലും തിന്നുകയോ കുടിക്കുകയോ ചെയ്യാതെ എനിക്കു വേണ്ടി ഉപവസിപ്പിൻ. ഞാനും എന്റെ ബാല്യക്കാരത്തികളും അങ്ങനെ തന്നെ ഉപവസിക്കും, പിന്നെ ഞാൻ നിയമപ്രകാരം അല്ലെങ്കിലും രാജാവിന്റെ അടുക്കൽ ചെല്ലും, ഞാൻ നശിക്കുന്നുവെങ്കിൽ നശിക്കട്ടെ.”
>
> എസ്ഥേർ 4:16

"ഞാൻ നശിക്കുന്നെങ്കിൽ നശിക്കട്ടെ."

> "ഗോതമ്പു മണി നിലത്തു വീണ് ചാകുന്നില്ല എങ്കിൽ തനിയെ ഇരിക്കും. ചത്തു എങ്കിലോ വളരെ വിളവുണ്ടാകും."
>
> യോഹ. 12:24

അതാണ് സമർപ്പണം. തന്നെത്തന്നെ തൃജിക്കാൻ തയ്യാറാകുമ്പോൾ ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ നേടാൻ സാധിക്കും.

ഞാൻ സന്തോഷത്തോടു കൂടി ഓർക്കുന്നു. 1973 ലാണ് ഞാൻ ആത്മീയമായി ഉണർവ്വിലേക്കു വന്നത്. അന്ന് 36–ാമത്തെ വയസ്സിൽ ഞാൻ തന്നത്താൻ ദൈവസന്നിധിയിൽ ഇരുന്ന് ഒരു വാക്കു പറഞ്ഞു. ഞാൻ മുഴുവൻ സമയവും സുവിശേഷവേലയ്ക്കുവേണ്ടി ജോലി രാജിവച്ച് ഇറങ്ങാൻ തയ്യാറാണ്. അതിന് ഒരു നടത്തിപ്പ് തന്നാൽ മാത്രം മതി. വ്യക്തമായ സൂചന നല്കിയാൽ മാത്രം മതി. ജോലി രാജിവച്ചു കൊള്ളാം. ഞാൻ മുമ്പോട്ടും പുറകോട്ടും നോക്കിയില്ല. ഞാൻ ജോലി രാജിവച്ചില്ല. ആ വഴിയ്ക്കല്ല കാര്യങ്ങൾ നീങ്ങിയത്.

> "ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവുമാകുന്നു! കർത്താവിന്റെ മനസ്സറിഞ്ഞവൻ ആർ? അവനു മന്ത്രിയായിരുന്നവൻ ആർ? അവന്നു വല്ലതും മുമ്പെ കൊടുത്തിട്ടു പ്രതിഫലം വാങ്ങുന്നവൻ ആർ? സകലവും അവനിൽ നിന്നും അവനാലും

> അവങ്കലേക്കും ആകുന്നുവല്ലോ. അവന്നു എന്നന്നേയ്ക്കും മഹത്വം. ആമേൻ."
>
> റോമർ. 11:33–36

സമർപ്പണം. നിങ്ങളുടെ സമർപ്പണം എന്താണ്? മുഴുവനായി യേശുവിനു കൊടുത്തോ? നിങ്ങളെയും നിങ്ങൾക്കുള്ളതിനെയും മുഴുവൻ കൊടുത്തു എന്നു നിങ്ങൾക്കു തോന്നുണ്ടോ? ഞാൻ ഒരാൾ നശിക്കുന്നെങ്കിൽ നശിക്കട്ടെ, എന്ന സമർപ്പണമുണ്ടോ? പാവപ്പെട്ട ഒരു കൂട്ടം ജനത്തെ രക്ഷിക്കാൻ ഒരാൾ ഒരു മെഴുകുതിരി പോലെ കത്തിയെരിയാൻ തയ്യാറാകുമോ? ഒരാൾ ഗോതമ്പുമണി പോലെ നിലത്തു വീണു ചാകാൻ തയ്യാറാണോ? വയലിലേക്ക് ഗോതമ്പു മണി വാരിയെറിയുകയാണ്. ചെളിയിലേക്കാണ് എറിയുന്നത്. ചെളിയിൽ പുതഞ്ഞു കിടക്കുന്നു. നാളുകൾക്കുശേഷം ധാരാളം ഗോതമ്പു കൊയ്തെടുക്കുന്നു.

പൗലോസ് അപ്പോസ്തലൻ പറഞ്ഞു: "ഇതാ ആത്മാവിനാൽ ബന്ധിക്കപ്പെട്ടവനായി യരുശലേമിലേയ്ക്ക് പോകുന്നു." മൂന്നരക്കൊല്ലം ആസ്യയിൽ വേല ചെയ്തതിനു ശേഷം ആസ്യയിലെ മൂപ്പന്മാരെ വിളിച്ചുകൂട്ടി യാത്ര പറയുകയാണ്. എന്നെ പരിശുദ്ധാത്മാവ് അപ്രതിരോധ്യമായി (തടുക്കാനാവാതെ) വലിച്ചുകൊണ്ടുപോകുകയാണ്.

> "ഇതാ ഞാൻ ആത്മാവിനാൽ ബന്ധിക്കപ്പെട്ടവനായി യരുശലേമിലേയ്ക്കു പോകുന്നു. ബന്ധനങ്ങളും കഷ്ടങ്ങളും എനിക്കായി കാത്തിരിക്കുന്നു എന്ന് പരിശുദ്ധാത്മാവ് പട്ടണം തോറും സാക്ഷ്യം പറയുന്നതല്ലാതെ അവിടെ എനിക്ക് നേരിടുവാനുള്ളതൊന്നും

> ഞാൻ അറിയുന്നില്ല. എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല. എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന് സാക്ഷ്യം പറയേണ്ടതിന് കർത്താവായ യേശു തന്ന ശുശ്രൂഷയും തികയ്ക്കണമെന്നേ എനിക്കുള്ളൂ."
>
> അപ്പോസ്തല പ്രവൃത്തികൾ. 20:22–24

ശുശ്രൂഷ തികയ്ക്കണമെന്ന്, എന്റെ ഓട്ടം തികയ്ക്കണമെന്ന്.

> "ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും."
>
> ദാനിയേൻ 12:3

ആളുകൾ നിങ്ങളെ പരിഹസിക്കും. ആളുകൾ നിങ്ങളെ കളിയാക്കും. അനേകം പീഡകൾ നേരിടേണ്ടിവരും. പക്ഷേ, പതറാതെ, തളരാതെ ആത്മാക്കളെ നേടാൻ അദ്ധ്വാനിച്ചുകൊള്ളൂ.

ഒരു മനുഷ്യൻ സോദോമിലേക്കു ചെന്നു. അയാൾ തെരുവിൽ പ്രസംഗിച്ചു: "ഈ നാട് കത്തിപ്പോകും. അതുകൊണ്ട് വേഗം മാനസാന്തരപ്പെടുവിൻ."

ആരും ചെവിക്കൊണ്ടില്ല. അയാൾ വീടുതോറും കയറി പ്രസംഗിച്ചു. "വേഗം മനം തിരിയുവിൻ". ആരും തിരിഞ്ഞില്ല.

അയാൾ ഒരു പലകക്കഷണത്തിൽ "മനം തിരിയുവിൻ ഈ നാട് കത്തിപ്പോകും" എന്ന് എഴുതി തെരുവിലൂടെ പിടിച്ചുകൊണ്ടു നടന്നു. ആരും തിരിഞ്ഞില്ല.

പിന്നെ അയാൾ ഒരു സ്ഥലത്തു നിന്നു കൊണ്ട് ഒരു കുഴലു പോലെ ഒരു സാധനം ഉണ്ടാക്കിക്കൊണ്ട് അതിലൂടെ വിളിച്ചുപറഞ്ഞു: "ഈ നാട് കത്താൻ പോകുന്നേ വേഗം മനം തിരിയണേ."

അപ്പോൾ ഒരാൾ അവന്റെ അടുക്കലേക്കു വന്നു. "സ്നേഹിതാ നിങ്ങൾ ഒരു പരദേശി ആണല്ലോ. നിങ്ങൾ ഇപ്രകാരമെല്ലാം ചെയ്തിട്ട് വല്ല പ്രയോജനവും ഉണ്ടായോ?" "ഇല്ല."

"പ്രയോജനമില്ലെങ്കിൽ വെറുതെ ഇങ്ങനെ വിളിച്ചുപറയുന്നതെന്തിന്?"

"ഞാൻ വന്നപ്പോളുള്ള ചിന്ത ഇല്ല ഇപ്പോൾ. വന്നപ്പോൾ എനിക്കു പ്രതീക്ഷയുണ്ടായിരുന്നു. ആളുകൾ മനം തിരിയും എന്ന്. ഇപ്പോൾ എന്റെ പ്രതീക്ഷ പോയി. ആരും മനം തിരിയില്ല. ഇപ്പോൾ ഞാൻ വിളിച്ചുപറയുന്നത് ഈ ആളുകളുടെ ഇടയിൽ ഞാൻ ജീവിക്കുമ്പോൾ അവരെ പോലെ ഞാൻ ആയിത്തീരും. ആ പേടികൊണ്ട് ഞാൻ വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുകയാണ്."

ഈ വക്രതയും കോട്ടവുമുള്ള തലമുറയിൽ എന്റെ സാക്ഷിയായി നില്ക്കാൻ, എന്റെ വിശുദ്ധനായി നില്ക്കാൻ ആരുണ്ട്? എന്നാണ് യേശുക്രിസ്തു നോക്കുന്നത്.

ഞാനൊരാൾ നശിക്കുന്നെങ്കിൽ നശിക്കട്ടെ എന്ന സമർപ്പണത്തിൽ നിൽക്കാൻ പറ്റുമോ? പരിശുദ്ധാത്മാ

വിന്റെ സന്നിധിയിൽ അങ്ങനെ ഒരു തീരുമാനമെടുക്കുമെങ്കിൽ നിങ്ങളിൽ നിന്ന് ദുർഭൂതങ്ങൾ വിട്ടുപോകും. തലമുറയായി പകർന്നുവന്ന ശാപങ്ങൾ മാറിപ്പോകും. ആത്മാവിലുള്ള ബന്ധനങ്ങൾ അഴിഞ്ഞുപോകും. ദുരാത്മ ബാധകൾ മാറിപ്പോകും. പാമ്പുകൾ നിങ്ങളിൽ നിന്നിറങ്ങി ഓടിപ്പോകും.

അനേകരുടെ മേൽ പാമ്പുകൾ ചുറ്റിയിരിക്കുന്നു. അനേകരുടെ നാവിലാണ് പാമ്പ്. ചിലരുടെ കണ്ണിലാണ് പാമ്പ്. ചിലരുടെ കാതിലാണ് പാമ്പ്, കാലിനാണ് പാമ്പ്. അനേകരുടെ കയ്യിൽ പാമ്പ് ഇരിക്കുന്നു.

പാമ്പിനെ എറിഞ്ഞുകളയുക. അശുദ്ധിയുടെ പാമ്പിനെ എറിഞ്ഞുകളയുക. അത്യാഗ്രഹത്തിന്റെ പാമ്പിനെ എറിഞ്ഞുകളയുക. അശുദ്ധ മോഹത്തിന്റെ പാമ്പിനെ എറിഞ്ഞുകളയുക. വ്യഭിചാരത്തിന്റെ പാമ്പിനെ എറിഞ്ഞുകളയുക. മദ്യപാനത്തിന്റെ പാമ്പിനെ എറിഞ്ഞുകളയുക. ദുരാത്മഭീതിയുടെ പാമ്പിനെ എറിഞ്ഞുകളയുക. ഭയത്തിന്റെ പാമ്പിനെ എറിഞ്ഞുകളയുക. യേശുക്രിസ്തു അതിനുള്ള കൃപ നിങ്ങൾക്കുതരും.

## അഞ്ച്

എസ്ഥേറിന്റെ പുസ്തകത്തിന്റെ സന്ദേശം കൊടിയ അക്രമണങ്ങളും ദുരിതങ്ങളും അനർത്ഥങ്ങളും ഉത്സവത്തിന് കാരണമാകും എന്നതാണ്. എല്ലാം നന്മയ്ക്കാക്കിത്തീർക്കാൻ സർവ്വവല്ലഭനായ ദൈവത്തിനുകഴിയും. നാം ദൈവപക്ഷത്ത് നിൽക്കണമെന്നുമാത്രം.

അവസാന അദ്ധ്യായത്തിലെ “പൂരീം” പെരുന്നാളിന്ന് മുന്നോടിയായിട്ടാണ് യാതനകളും ദുരിതങ്ങളും തീർന്നത്.

പെസഹ പെരുന്നാൾ ഉണ്ടാകാൻ കാരണം ഫറവോ രാജാവിന്റെ കീഴിൽ അടിമപ്പണി ചെയ്ത് ദുരിതമനുഭവിച്ചു വലഞ്ഞു പോയ ജനത്തിന് വന്ന കനത്ത ആഘാതമാണ്. ഇന്ന് നിങ്ങളുടെ ജീവിതത്തിൽ താങ്ങാൻ വയ്യാത്ത പീഡകൾ വരുന്നുണ്ടോ? ചിലപ്പോൾ സ്വന്തം കുടുബത്തിൽ നിന്നാകാം, ചിലപ്പോൾ നിങ്ങൾ ജോലി ചെയ്യുന്ന സ്ഥലത്തു നിന്നാകാം, ചിലപ്പോൾ നിങ്ങളുടെ പള്ളിയിൽ നിന്നാകാം, സഭയിൽ

നിന്നാകാം, സമൂഹത്തിൽ നിന്നാകാം, ഒരു പക്ഷെ നിങ്ങളുടെ ബന്ധുമിത്രാദികളിൽ നിന്നാകാം, നിങ്ങൾക്ക് താങ്ങാൻ വയ്യാത്ത എതിർപ്പുകളും, പോരാട്ടങ്ങളും, അപമാനങ്ങളും, അവഹേളനങ്ങളും, ആക്ഷേപങ്ങളും, പരിഹാസങ്ങളും, വരുന്നുണ്ടോ? വലിയൊരുത്സവം പിന്നാലെ വരുന്നു.

ലോകചരിത്രത്തിൽ നോക്കൂ. ആരെല്ലാം വളർന്നിട്ടുണ്ടോ, അവർ കൊടിയ യാതനകളിൽ കൂടി കടന്നുപോയിട്ടുണ്ട്. ആരെല്ലാം ഉയർന്നിട്ടുണ്ടോ, അവർ താങ്ങാൻ വയ്യാത്ത വിപത്തുകളെ അതിജീവിച്ചവരാണ്. ആത്മീയ രംഗത്തുമതേ, ഭൗതിക രംഗത്തുമതേ.

എവിടെയും നിങ്ങൾക്ക് കൊടിയ യാതനകൾ ശാരീരിക യാതനകളോ മാനസിക പീഡകളോ ഇതു വരെയും ഉണ്ടായിട്ടില്ലെങ്കിൽ, നിങ്ങൾ പറയണം, കർത്താവേ, യാക്കോബിന്റെ തുടയുടെ തടം തൊട്ട കരം എന്നെ തൊടണമേ എന്ന്. യാക്കോബിന്റെ തുടയുടെ തടം തൊട്ടു, യാക്കോബിന്റെ തുടയുടെ തടം തൊട്ടതിന് ശേഷം പിന്നെ യാക്കോബിനെ കണ്ടാൽ തിരിച്ചറിയാം. ആർക്കും തിരിച്ചറിയാം. സമൂഹത്തിൽ യാക്കോബ് നടന്ന് പോകുമ്പോൾ, എല്ലാവർക്കും മനസ്സിലാകും അത് യാക്കോബാണ്. യാക്കോബിന്റെ തുടയുടെ തടം തൊട്ടതു മൂലം മുടന്തിയാണ് നടക്കുന്നത്.

ചില അടയാളങ്ങൾ, ജീവനുള്ള ക്രിസ്തു തൊട്ടതായ ചില അടയാളങ്ങൾ നിങ്ങൾക്കുണ്ടെങ്കിൽ, നിങ്ങളുടെ ജീവിതത്തിൽ ചില പീഡകൾ നിങ്ങൾക്കു വന്നെങ്കിൽ, അടുത്ത് വരുന്നു വലിയൊരു ഉത്സവം!

എങ്ങനെ വരും അത്? എങ്ങനെ വരും ഉത്സവം? യാക്കോബ് ജീവനുള്ള ദൈവത്തോട് “എന്നെ അനുഗ്രഹി

ച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല'' എന്ന് പറഞ്ഞു. നിർബ്ബന്ധത്തോടെയുള്ള ആ പ്രാർത്ഥനയാണ് യാക്കോബിന്റെ ജീവിതത്തിലെ വഴിത്തിരിവ്. "നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല." യാക്കോബ് പൊരുതി എന്നാണ് തിരുവചനം പറയുന്നത്. പ്രാർത്ഥനയുടെ യുദ്ധമാണത്. ഹോശേയാ പ്രവാചകന്റെ പുസ്തകം 12-ാം അദ്ധ്യായത്തിൽ 3-ാം വാക്യം മുതൽ – "അവൻ ഗർഭത്തിൽ വച്ചു തന്റെ സഹോദരന്റെ കുതി കാൽ പിടിച്ചു. തന്റെ പുരുഷപ്രായത്തിൽ ദൈവത്തോടു പൊരുതി." എന്ന് കാണുന്നു.

യാക്കോബ് ദൈവത്തോടല്ല യുദ്ധം ചെയ്തത്. ദൈവം യാക്കോബിനോട് പൊരുതി ജയിച്ചു. യാക്കോബ് കരഞ്ഞ് അപേക്ഷിച്ചു. അതാണ് യുദ്ധം. കരഞ്ഞ് അപേക്ഷിക്കുന്നതാണ് യുദ്ധം. അപ്പോൾ ദൈവം യാക്കോബിന്റെ സ്വയത്തെ തകർത്തു. സ്വന്തശക്തിയും ബുദ്ധിയും പരാജയപ്പെട്ടു.

എസ്ഥേരിന്റെ പുസ്തകത്തിന്റെ പാഠവും അതു തന്നെയാണ്. ദൈവസന്നിധിയിൽ കരഞ്ഞ് അപേക്ഷിക്കണം. നീ തന്നല്ലാതെ രക്ഷയില്ല കർത്താവേ. നീ അനുഗ്രഹിച്ചല്ലാതെ ഒരു ഗതിയുമില്ല കർത്താവേ, എന്റെ ദൈവമേ, നീ എന്നോട് മനസ്സലിഞ്ഞേ ഒക്കൂ എന്ന് കേണ് പ്രാർത്ഥിക്കണം.

ദൈവപൈതലേ, നിനക്ക് അനുഗ്രഹം വേണമോ, നിനക്ക് ഉത്സവം വേണമോ, ഇനിയും നല്ല കാലങ്ങൾ നിനക്ക് വേണമോ, നിനക്ക് കിട്ടും. നീ തിരിഞ്ഞ് പഴയ കാലജീവിതത്തിലെ ഓരോ കാര്യങ്ങളും പാപങ്ങളും എണ്ണിയെണ്ണി നോക്കണം. ഓരോന്ന് കാണുമ്പോൾ, ചിലപ്പോൾ നിനക്ക് ലജ്ജ വരും, ചിലപ്പോൾ നിനക്ക് പരിഭ്രമം വരും, ചിലപ്പോൾ നിനക്ക് ഭയം വരും, ചിലപ്പോൾ നിനക്ക് അത്ഭുതം തോന്നും.

ഇതെല്ലാം ചെയ്ത മനുഷ്യനല്ലേ ഞാൻ, എന്നാൽ എന്നെ ദൈവം സ്നേഹിച്ചല്ലൊ. അതിന് എനിക്ക് എന്ത് യോഗ്യത?

ആ ദൈവസ്നേഹത്തെ കാണുമ്പോഴാണ് നിങ്ങൾ എങ്ങലടിക്കാൻ തുടങ്ങുന്നത്. അപ്പോഴാണ് നിങ്ങൾ വിതുമ്പി വിതുമ്പി കരയാൻ തുടങ്ങുന്നത്. ഓരോ പാപങ്ങൾ, ഓർമ്മവെച്ച കാലം മുതൽ ഉള്ള ജീവിതത്തിലേക്ക് നോക്കി നിങ്ങൾ കണ്ടെത്തി നിങ്ങൾ വിതുമ്പി വിതുമ്പി കരയുന്നതാണ് പ്രാത്ഥനയിലെ പോരാട്ടം എന്നു പറയുന്നത്.

എസ്ഥേറിന്റെ പുസ്തകത്തിൽ പ്രാർത്ഥനയുടെ ശക്തിയാണ് നാം കാണുന്നത്. നിങ്ങൾക്ക് തിരിഞ്ഞ് ഓർത്ത് അനുതപിക്കാൻ ഓരോന്നോരോന്ന് ചികഞ്ഞ് എടുക്കാം. നിങ്ങളുടെ മനോഭാവത്തിന്റെ വൈകല്യങ്ങൾ നിങ്ങൾക്ക് കണ്ടെത്താം. നിങ്ങളുടെ ഹൃദയത്തിലുണ്ടായിരുന്ന മുഷിച്ചിൽ, നിങ്ങളുടെ മനസ്സിൽ ചിലരോടുണ്ടായ പരിഭവം, ചിലരെക്കുറിച്ചുണ്ടായിരുന്ന മുൻവിധി, ചിലരെക്കുറിച്ചുണ്ടായിരുന്ന അസൂയ, നിങ്ങൾക്ക് ഉന്നതനാകണം, പണക്കാരനാകണം, ശ്രദ്ധിക്കപ്പെടണം, ബഹുമാനിക്കപ്പെടണം എന്ന ആഗ്രഹം, അവയുടെ പിന്നിലുള്ള സ്വയത്തിന്റെ വഞ്ചന, അഹങ്കാരത്തിന്റെ ഭീകരത, ഓരോന്നോരോന്ന് നിങ്ങൾക്ക് ഓർക്കാം. അതിനാണ് ഏകാന്തതയിലിരുന്നുള്ള പ്രാർത്ഥന എന്ന് പറയുന്നത്. ഇതുവരെയുള്ള ജീവിതത്തിൽ ആകമാനമുള്ള അഴിച്ചു പണിക്ക് നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ? ആകമാനമായ ഒരു കഴുകൽ.

17–ാം വയസ്സിൽ ഞാൻ മാനസാന്തരപ്പെട്ടു. 17–ാം വയസ്സിൽ മാനസാന്തരപ്പെട്ടതു മുതൽ 36 വയസ്സ് വരെയുള്ള 19

കൊല്ലമാണ് ഞാൻ ഏറ്റവും കൂടുതൽ പ്രസംഗിച്ചത്. ഒരു ഒറ്റ ദിവസം പോലും വിശ്രമം ഇല്ലാതെ ഓടി നടന്ന് പ്രസംഗിച്ചു. നല്ല ആരോഗ്യം, നല്ല ചൊറുചൊറുക്ക്, ഓടി നടന്നു, യാത്ര ചെയ്തു. കേരളത്തിന് അകത്തും പുറത്തും പ്രസംഗിച്ചു. എന്നാൽ 36–ാമത്തെ വയസ്സിൽ സ്വർഗ്ഗത്തിലെ ദൈവം ഒരു അഴിച്ചു പണിക്ക് എന്നെ എടുത്തു. കർത്താവ് ഉപയോഗിച്ചത് വചനം തന്നെയാണ്. ഈ വേദപുസ്തകത്തിലെ രണ്ട് വാക്യങ്ങൾ എന്നെ പിടിച്ചു കുലുക്കി.

36–ാമത്തെ വയസ്സിൽ കൃത്യം പറയാം, 1973 മെയ് മാസം 10–ാം തീയതി വ്യാഴാഴ്ച രാത്രി, അന്ന് ഞാൻ ഞങ്ങളുടെ ഇടവക പളളിയിൽ പ്രസംഗിച്ചതിന് ശേഷം മടങ്ങി വന്ന് ഞാനാസകലം പരിശോധിച്ചു. ഓർമ്മ വച്ച കാലം മുതൽ ഉളള ജീവിതം പരിശോധിച്ചു. ഭാഗ്യവശാൽ പ്രകടമായ വേണ്ടാതനത്തിന് പോകാൻ ഇട വന്നിട്ടില്ല. ചെറുപ്പക്കാർ പലരും ഏറ്റു പറയുന്ന പാപങ്ങൾ പലതും എന്താണെന്നു പോലും എനിക്ക് അറിയാൻ വയ്യായിരുന്നു. പക്ഷെ, എന്റെ ഹൃദയത്തിൽ എല്ലാ തിന്മയും ഉണ്ടായിരുന്നു. വേറെ ആർക്കും ഒട്ടും അറിയാൻ പാടില്ലായിരുന്നു.

അന്ന് രാത്രി ഒരു വലിയ അഴിച്ചു പണി നടന്നു.

> “കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും, നിന്റെ നാമത്തിൽ ഞങ്ങൾ ഭൂതങ്ങളെ പുറത്താക്കുകയും, നിന്റെ നാമത്തിൽ വളരെ വീര്യ പ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോട് പറയും. അന്നു ഞാൻ അവരോട് അധർമ്മം പ്രവർത്തിക്കു

ന്നവരേ, എന്നെ വിട്ടു പോകുവിൻ, ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല എന്ന് അവരോട് തീർത്തു പറയും."

മത്തായി 7:22–23

ഞാൻ അഭിമാനിച്ചിരുന്നു, ഞാൻ പ്രസംഗിച്ചത് ചിലർക്ക് പ്രയോജനപ്പെട്ടു, പല കൺവൻഷനുകളിൽ പ്രസംഗിച്ചപ്പോൾ ചിലരെല്ലാം മാനസാന്തരപ്പെട്ടു. എനിക്ക് അതിൽ വലിയ അഭിമാനമായിരുന്നു.

എന്നാൽ ഈ വാക്യം വായിച്ചപ്പോൾ ഞാൻ ഞെട്ടിപ്പോയി. "കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും, നിന്റെ നാമത്തിൽ ഞങ്ങൾ ഭൂതങ്ങളെ പുറത്താക്കുകയും, നിന്റെ നാമത്തിൽ വളരെ വീര്യ പ്രവൃത്തികളും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോട് പറയും. അധർമ്മം പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നെ വിട്ടു പോകുവിൻ, ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല എന്ന് ഞാൻ അവരോട് തീർത്തു പറയും." വീണ്ടും വെളിപ്പാടു പുസ്തകം രണ്ടാമദ്ധ്യായത്തിലെ ചില വാക്യങ്ങളും എന്റെ ഹൃദയത്തിലേക്ക് വന്നു.

"എങ്കിലും നിന്റെ ആദ്യ സ്നേഹം വിട്ടുകളഞ്ഞു എന്ന് ഒരു കുറ്റം നിന്നെക്കുറിച്ച് പറവാൻ ഉണ്ട്. നീ ഏതിൽ നിന്ന് വീണിരിക്കുന്നു എന്നോർത്ത് മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്ക. അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽ നിന്ന് നീക്കുകയും ചെയ്യും....... ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ

കേൾക്കട്ടെ."

വെളി. 2:4–7

ഞാൻ അന്ന് രാത്രി ഇരുന്ന് തകർന്നു. ഞാൻ ഏകനായി ദൈവസന്നിധിയിൽ ഹൃദയം പകർന്നു. അന്നു രാത്രി ഒരു വലിയ അഴിച്ചു പണി നടന്നു.

എനിക്ക് നിങ്ങളോട് വളരെ എളിമയോടെ അപേക്ഷിക്കാനുള്ള കാര്യം അതാണ് നിങ്ങൾ ഒരു അഴിച്ചു പണിക്ക് തയ്യാറാവുക. സമൂലമായ ഒരു ശുദ്ധീകരണം പ്രാപിക്കുക. അപ്പോൾ നിങ്ങൾക്ക് ഉത്സവം ലഭിക്കും.

1973 മെയ് 10–ാം തീയതി രാത്രിയാണ് ഞാൻ ഇങ്ങനെ ഇരുന്ന് കരഞ്ഞു പ്രാർത്ഥിച്ചത്: ചില വലിയ തീരുമാനങ്ങളൊക്കെ എടുത്തു: ചിലരോടെല്ലാം പോയി മാപ്പു ചോദിക്കാൻ തീരുമാനിച്ചു: ചില സാധനങ്ങൾ കൊടുത്തു തീർക്കാൻ തീരുമാനിച്ചു: പൈസ കൊടുക്കാനുള്ളത് കൊടുത്ത് മാപ്പ് ചോദിക്കാൻ തീരുമാനിച്ചു: ചിലരെ അവരുടെ വീട്ടിൽ ചെന്ന് കണ്ട് മാപ്പ് ചോദിക്കാൻ തീരുമാനിച്ചു: അതെല്ലാം തീരുമാനിച്ചതേയുള്ളൂ, പിന്നെ ഏതാനും ദിവസം കഴിഞ്ഞേ നടപ്പിൽ വരുത്തിയുള്ളൂ.

ഞാൻ അന്ന് എടുത്ത തീരുമാനം പിന്നീടാണ് നിവർത്തിച്ചത്. അതിനു മുൻപേ കർത്താവ് ക്ഷമിച്ചു തന്നു. അഡ്വാൻസായി ക്ഷമിക്കുന്നവനാണ് ദൈവം.

"എന്റെ ലംഘനങ്ങളെ യഹോവയോടു ഏറ്റു പറയും എന്ന് ഞാൻ പറഞ്ഞു. അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചു തന്നു."

സങ്കീ. 32:5

1973 മെയ് മാസം 11–ാം തീയതി വെള്ളിയാഴ്ച 9 മണി കഴിഞ്ഞപ്പോൾ ഒരു അദ്ഭുത തീ ഗോളം എന്റെ തലമേൽ ഇറങ്ങി. ഒരു അത്ഭുതകരമായ അഗ്നിഗോളം എന്റെ ഹൃദയത്തിലേക്ക് ഇറങ്ങി. ഞാൻ അറിഞ്ഞില്ല, എന്താണ് സംഭവിക്കുന്നതെന്ന്. അതിനെ വിവരിക്കാൻ എനിക്ക് കെൽപില്ല. പക്ഷെ ഒന്ന് എനിക്ക് അറിയാം, ഞാനസകലം ചൂട് പിടിച്ചു എന്ന് എനിക്കറിയാം. എന്റെ നെറുകംതല മുതൽ ഉള്ളം കാൽ വരെ എന്തോ ഒരു ശക്തി എന്നിൽ വ്യാപരിച്ചു എന്ന് എനിക്ക് അറിയാം. ഞാൻ മതിമറന്ന് ദൈവത്തെ സ്തുതിച്ചു.

അത് ഒരു വലിയ കഴുകലായിരുന്നു. നിങ്ങൾക്ക് തന്നത്താൻ ഇരുന്ന് ഈ കഴുകൽ പ്രാപിക്കാം. ഈ കഴുകൽ പ്രാപിക്കാതെ നിങ്ങൾ മരണത്തിലേക്ക് പോകാൻ ഇടവരരുത്. ഈ കഴുകൽ പ്രാപിക്കാതെ നിങ്ങൾ നിത്യതയിലേക്ക് മാറ്റപ്പെടാൻ ഇടവരരുത്. അങ്ങനെ വന്നാൽ തീരാനഷ്ടമായിരിക്കും. നരകത്തീപ്പൊയ്കയായിരിക്കും.

പോകുവീൻ, നിന്നെ അറിയുന്നില്ല, ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല, അധർമ്മം പ്രവർത്തിക്കുന്നവരേ എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയുന്ന കഠോര ശബ്ദമായിരിക്കും.

ദൈവം മുഖപക്ഷം ഇല്ലാത്തവനാണ്, അധർമ്മം മാറിയില്ലെങ്കിൽ നീ ന്യായവിസ്താര ദിവസത്തിൽ ലജ്ജിതനായി നിൽക്കേണ്ടി വരും.

നിനക്ക് ഒരു ഉത്സവം തരാൻ ദൈവം ആഗ്രഹിക്കുന്നു. നിന്റെ ജീവിതത്തിൽ ഇന്ന് ഉത്സവം തുടങ്ങാം എന്നാണ് കർത്താവ് പറയുന്നത്.

ഈ പെരുന്നാൾ ലഭിപ്പാൻ നീ മറ്റൊന്നും ചെയ്യണ്ട. നിനക്ക് വേണ്ടി ക്രൂശിൽ തിരുരക്തം ചിന്തിയ രക്ഷകനെ ഒന്നു വിളിച്ചാൽ മതി. കർത്താവേ, നീ എന്റെ അരികത്ത് ഉണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു, എന്റെ യോഗ്യത കണ്ടല്ല, എന്റെ അർഹത കണ്ടല്ല, എന്റെ യാതൊരു നന്മയും കണ്ടല്ല, പക്ഷെ നീ എന്നെ സ്നേഹിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. നിന്റെ തിരുരക്തം ചിന്തിയത് എനിക്ക് വേണ്ടിയാണെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ പാപത്തിന്റെ ശിക്ഷയാണ് നീ കുരിശിൽ വഹിച്ചത് എന്ന് ഞാൻ വിശ്വസിക്കുന്നു. കുരിശിൽ കൂടി ഒഴുകിയ തിരുവിലാവിലെ രക്തം ഇപ്പോൾ ഒരു തുള്ളി വന്ന് എന്റെ തലമേൽ തൊടണമേ എന്ന് നിങ്ങൾ പ്രാർത്ഥിക്കൂ.

## ആറ്

എസ്ഥേറിന്റെ പുസ്തകത്തിലെ ഹാമാൻ ഇനി പ്രത്യക്ഷപ്പെടാനിരിക്കുന്ന ആന്റിക്രൈസ്റ്റിന്റെ നിഴലാണ് എതിർ ക്രിസ്തുവിന്റെ നിഴലാണ് ഹാമാൻ. വെളിപ്പാട് പുസ്തകം പതിമൂന്നാം അധ്യായത്തിലാണ് എതിർ ക്രിസ്തുവിനെക്കുറിച്ച് വിശദമായി പ്രസ്താവിച്ചിരിക്കുന്നത്. എതിർ ക്രിസ്തുവിനെ വെളിപ്പാടു പുസ്തകത്തിൽ പറയുന്നത് മൃഗം എന്നാണ്. പാമ്പ് മഹാസർപ്പം എന്നെല്ലാം പറയുന്നതു സാത്താനെ കാണിക്കുന്നു. ദൈവത്തിന് ത്രിത്വമുണ്ടെന്ന് പറയുന്നതു പോലെ പിശാചിനുമുണ്ട് ത്രിത്വം. സാത്താൻ, എതിർ ക്രിസ്തു, കള്ളപ്രവാചകൻ.

എതിർ ക്രിസ്തുവിനെക്കുറിച്ച് പറയുന്നതിനുമുമ്പ് കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് പറയേണ്ടിയിരിക്കുന്നു. യേശുവിന്റെ രണ്ടാമത്തെ വരവിന് രണ്ടു ഘട്ടമുണ്ട്. ഒന്നാമത്തെ ഘട്ടം മേഘപ്രത്യക്ഷതയാണ്. രണ്ടാമത്തെ ഘട്ടം മഹത്വപ്രത്യക്ഷതയാണ്. ഇതു സംഭവിക്കാൻ

ഇരിക്കുന്നതേയുള്ളൂ. എപ്പോഴാണെന്നറിഞ്ഞുകൂടാ. ആദ്യത്തെ വരവ് രഹസ്യത്തിലാണ്. ആദ്യത്തെ വരവ് വിശുദ്ധന്മാർ മാത്രം അറിയത്തക്കവണ്ണമാണ്. എല്ലാവരും അറിയുകയില്ല. ആദ്യവരവ് ഭൂമിയിലേക്ക് വരികയില്ല. മദ്ധ്യാകാശം വരെമാത്രമേ വരുകയുള്ളൂ.

അപ്പോൾ മൂന്നു കാര്യങ്ങൾ സംഭവിക്കും. കർത്താവിന്റെ ഗംഭീരനാദം മുഴങ്ങും. പ്രധാന ദൂതനായ മീഖായേലിന്റെ ശബ്ദം മുഴങ്ങും. ദൈവത്തിന്റെ കാഹളം മുഴങ്ങും. വിശുദ്ധൻമാർ മാത്രമേ അത് തിരച്ചറിയുകയുള്ളു. അല്ലാത്തവർ അത് ഇടിമുഴക്കമാണ്, ഭൂകമ്പമാണ് എന്നൊക്കെ മാത്രമേ ധരിക്കുകയുള്ളൂ.

ആരും നിനച്ചിരിക്കാത്ത സമയത്താണ് യേശുവരുന്നത്. അപ്പോൾവാങ്ങിപ്പോയ വിശുദ്ധന്മാർ മാത്രം കല്ലറയിൽ നിന്ന് എഴുന്നേൽക്കും. ജീവനോടിരിക്കുന്ന വിശുദ്ധന്മാർ മാത്രം രൂപന്തരപ്പെടും. വിശുദ്ധന്മാർ മാത്രം കല്ലറകളിൽ നിന്ന് ഉയർത്തെഴുന്നേൽക്കുന്നതിനെക്കുറിച്ചു പരിശുദ്ധ പിതാക്കന്മാർ പാടി:

“മൃതരെ ജീവിപ്പിപ്പാനെഴുന്നള്ളും രാജാ
മുകിലഴകിൻ മേലാഘോഷിതനായീടുന്നു
നയവാന്മാർ തൻ മുൻ കൊമ്പിൻ നാദം കേട്ടി–
ട്ടങ്കിയണിഞ്ഞെതിരേല്പ്പാനായ് പോയീടുന്നു.”

അവരോട് ഒരുമിച്ച് ഭൂമിയിൽ ജീവിച്ചിരിക്കുന്ന വിശുദ്ധന്മാർ മാത്രം രൂപാന്തരപ്പെട്ടു മദ്ധ്യാകാശത്തിലേക്ക് പറന്നുയരും. അവർ മരണം കാണുകയില്ല. അവർ ആകാശമേഘങ്ങളിലേക്ക് പറന്നുയരും. അങ്ങനെ വാങ്ങിപ്പോയ വിശുദ്ധന്മാർ ഉയർത്തെഴുന്നേറ്റവരും. ജീവനോടിരിക്കുന്ന വിശു

ദ്ധന്മാർ രൂപാന്തരപ്പെടും. അവർ ഒരുമിച്ച് ആകാശമേഘങ്ങളിലേക്ക് പറന്നുയരും. അതിന് ഉൽപ്രാപണം എന്നാണ് പറയുന്നത്. ഇംഗ്ലീഷിൽ Rapture എന്നു പറയുന്നു.

ഉയർത്തെഴുന്നേറ്റ ശരീരത്തിനും രൂപാന്തരപ്പെട്ട ശരീരത്തിനും എത്രദൂരം വേണമെങ്കിലും യാത്ര ചെയ്യാം. നിമിഷങ്ങൾ വേണ്ട ആഹാരം വേണമെങ്കിൽ കഴിക്കാം. അടച്ചിട്ടിരിക്കുന്ന മുറിക്കകത്ത് കടക്കാം. ആ കൂട്ടത്തിൽ നാമും ചേരേണ്ടതാണ്.

കർത്താവ് എപ്പോഴാണ് വരുന്നതെന്നറിഞ്ഞുകൂടാ, എപ്പോഴാണ് കാഹളം മുഴങ്ങുന്നതെന്നറിഞ്ഞുകൂടാ, എപ്പോഴാണ് പ്രധാന ദൂതന്റെ ശബ്ദം മുഴങ്ങുന്നതെന്നറിഞ്ഞുകൂടാ, എപ്പോഴാണ് കർത്താവിന്റെ ഗംഭീരനാദം മുഴങ്ങുന്നതെന്നറിഞ്ഞുകൂടാ, അതുകൊണ്ട് എപ്പോഴും നോക്കി പാർത്തിരിക്കണം. ആരും തള്ളപ്പെട്ടുപോകരുത്.

പിന്നീട് എതിർ ക്രിസ്തുവിന്റെ ഭരണമായിരിക്കും ഭൂമിയിൽ. അവന് ഏഴുകൊല്ലത്തെ ഭരണമുണ്ട്. യഹൂദന്റെ രക്ഷകനായിട്ടാണ് എതിർ ക്രിസ്തു വരുന്നത്. എല്ലാവരും അന്തിക്രിസ്തുവിനെ ആരാധിക്കാൻ അവൻ കല്പിക്കും. മൂന്നരക്കൊല്ലം കഴിയുമ്പോൾ അവന്റെ വിധം മാറും. തനി സ്വഭാവം വരും. അവൻ അധർമ്മ മൂർത്തിയായിത്തീരും. ആദ്യത്തെ മൂന്നരക്കൊല്ലം കഴിഞ്ഞുള്ള മൂന്നരക്കൊല്ലം അതിഭയങ്കരമായിരിക്കും. വെളിപ്പാട് പുസ്തകം 12-ാം അദ്ധ്യായത്തിൽ "ഒരുകാലവും ഇരുകാലവും അരക്കാലവും" എന്നു പറയുന്നു. വർഷവും വർഷങ്ങളും വർഷാർദ്ധവും എന്ന് വേറെ ഒരിടത്ത് പറയുന്നു.

> ‘‘സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോയി, അവിടെ അവളെ ആയിരത്തിരുന്നൂറ്ററുപതു ദിവസം പോറ്റേണ്ടതിന് ദൈവം ഒരുക്കിയ ഒരു സ്ഥലം അവൾക്ക് ഉണ്ട്.’’
>
> വെളി. 12:6

മൂന്നര വർഷം ആയിരത്തിരുന്നൂറ്ററുപതു ദിവസമാണ്. വെളിപ്പാട് 12-ന്റെ 14-ാം വാക്യം:

> “അപ്പോൾ സ്ത്രീക്ക് മരുഭൂമിയിൽ തന്റെ സ്ഥലത്തേക്ക് പറന്നുപോകേണ്ടതിനു വലിയ കഴുകിന്റെ രണ്ടു ചിറകു ലഭിച്ചു, അവിടെ അവളെ സർപ്പത്തോടു അകലെ ഒരുകാലവും ഇരുകാലവും അരക്കാലവും പോറ്റി രക്ഷിച്ചു.”

സർപ്പത്തോടകലെ (സാത്താനകലെ) അവളെ ഒരുകാലവും (ഒരു വർഷം) ഇരുകാലവും (രണ്ടുവർഷവും) അരക്കാലവും (അരവർഷവും) അതാണ് 1260 ദിവസം എന്നു പറഞ്ഞിരിക്കുന്നത് ദാനിയേൽ പ്രവാചകന്റെ പുസ്തകം 7-ാം അദ്ധ്യായം 25-ാം വാക്യം.

> “അവൻ അത്യുന്നതനായവന്ന് വിരോധമായി വമ്പുപറകയും അത്യുന്നതനായവന്റെ വിശുദ്ധന്മാരെ ഒടുക്കികളകയും, സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കുകയും ചെയ്യും, കാലവും കാലങ്ങളും കാലാംശവും അവർ അവന്റെ കൈകളിൽ ഏല്പിക്കപ്പെട്ടിരിക്കും.”

ഇന്ന് ദൈവമക്കൾക്കെതിരെ പീഡകൾ വരുന്നത് എന്തു കൊണ്ടാണെന്നോ, അന്തിക്രിസ്തു വ്യാപരിക്കുകയാണ് അന്തിക്രിസ്തുവിന്റെ ആത്മാവാണ് ഇന്ന് ദൈവത്തിന്റെ വിശുദ്ധന്മാരെ ഉപദ്രവിക്കുന്നത്. അത് ഒന്നാം നൂറ്റാണ്ടുമു തലേ ഉണ്ട്. "അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കു ന്നുണ്ട്. എന്നാൽ നാശയോഗ്യനും അധർമ്മമൂർത്തിയായവൻ വെളിപ്പെട്ടുവരും." (2 തെസ്സലോനിക്യർ 2:7) അധർമ്മത്തിന്റെ മർമ്മമായ അന്തി ക്രിസ്തു ആണ് മനുഷ്യനെ കലക്കുന്നത്.

എതിർ ക്രിസ്തുവിന്റെ ഭരണത്തിന്റെ അവസാനം വലി യൊരു യുദ്ധം നടക്കും. ആ ഭീകരമായ യുദ്ധം കഴിഞ്ഞ് ആന്റി ക്രൈസ്റ്റിനെ ബന്ധിക്കും. കർത്താവായ യേശു അവനെ യുദ്ധത്തിൽ തോല്പ്പിച്ച് ബന്ധിക്കാനായി ഭൂമിയി ലേക്ക് ഇറങ്ങിവരും. അതാണ് ക്രിസ്തുവിന്റെ രണ്ടാം വരവിന്റെ രണ്ടാമത്തെ ഘട്ടം. ക്രിസ്തുവിന്റെ മഹത്വ പ്രത്യ ക്ഷത.

അന്ന് യേശുവിന്റെ കാൽ യരുശലേമിന്ന് കിഴക്ക് ഒലിവ് മലയിൽ നിൽക്കും. യേശു എവിടെ നിന്ന് സ്വർഗ്ഗാരോ ഹണം ചെയ്തോ, ആ ഒലിവ് മലയിൽ തന്നെ യേശുവന്നു കാൽ ചവിട്ടി നിൽക്കും.

> "അന്നാളിൽ അവന്റെ കാൽ യരുശലേമിന്നെ തിരെ കിഴക്കുള്ള ഒലിവുമലയിൽ നിൽക്കും. ഒലിവുമല കിഴക്കുപടിഞ്ഞാറായി നടുവെ പിളർന്നുപോകും."
>
> സെഖര്യാവ് 14:4

വേദ പുസ്തകത്തിലുള്ള പ്രവചനങ്ങളെല്ലാം നിറവേറി

വരുന്നു. യേശുവിന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള പ്രവചനങ്ങളും നിറവേറുകതന്നെ ചെയ്യും. യേശു ജനിക്കുന്നതിന് ആയിരത്തിലേറെ വർഷങ്ങൾക്ക് മുമ്പ് ന്യായാധിപന്മാരുടെ പുസ്തകത്തിൽ യേശു ബേത്‌ലഹേമിൽ ജനിക്കുന്നു എന്നു പറഞ്ഞു.

> "നീ എവിടെ നിന്നു വരുന്നു എന്നു ചോദിച്ചു. ഞാൻ യഹൂദയിലെ ബേത്‌ലഹേമിൽ നിന്നു വരുന്ന ഒരു ലേവ്യൻ ആകുന്നു. തരം കിട്ടുന്നേടത്തു പാർപ്പാൻ പോകയാകുന്നു."
>
> ന്യായാധിപന്മാർ 17:9

യേശു ജനിക്കുന്നതിനു അറുന്നൂറ്റമ്പതു വർഷങ്ങൾക്കു മുമ്പ് മിഖാ പ്രവാചകൻ പറഞ്ഞു:

> "നീയോ, ബേത്‌ലഹേം എഫ്രാത്തേ, നീ യഹൂദാസഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിനു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽ നിന്ന് ഉത്ഭവിച്ചു വരും. അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നേ."
>
> മീഖാ. 5:2

യേശു ജനിക്കുന്നതിന് എഴുന്നൂറ്റമ്പതു വർഷങ്ങൾക്കു മുമ്പ് യെശയ്യാ പ്രവാചകൻ പറഞ്ഞു: യേശു ക്രൂശിന്മേൽ കഷ്ടത അനുഭവിക്കും എന്ന് യെശ. 53.

കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കുമെന്ന് യെശയ്യാവ് 7:4–ൽ പറഞ്ഞു.

യേശു ജനിക്കുന്നതിന് ആയിരം വർഷങ്ങൾക്കു മുമ്പ് ദാവീദ് ആത്മാവിൽ പ്രവചിച്ചു "എന്റെ ദൈവമേ! എന്റെ ദൈവമേ! നീ എന്നെ കൈവിട്ടതെന്ത്" എന്ന് യേശു ക്രൂശിൽ കിടന്നു പറയുന്ന നാലാമത്തെ തിരുമൊഴി. 22–ാം സങ്കീ. 1–ാം വാക്യം.

യേശു ജനിക്കുന്നതിനു അറുന്നൂറു വർഷങ്ങൾക്കു മുമ്പ് സെഖര്യാവ് എഴുതി യേശുവിനെ 30 വെള്ളിക്കാശിനാണ് ഒറ്റികൊടുക്കുന്നതെന്ന്. (സെഖ. 11:12).

യേശു ജനിക്കുന്നതിനു അറുന്നൂറു വർഷം മുമ്പ് യേശുവിന്റെ ഹോശന്നാഘോഷയാത്ര സെഖര്യാവ് പ്രവചിച്ചു.

> "സീയോൻ പുത്രിയേ ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക. യരുശലേം പുത്രിയേ, ആർപ്പിടുക. ഇതാ നിന്റെ രാജാവ് നിന്റെ അടുക്കൽ വരുന്നു. അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനുമായി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു"

എന്ന്. ഓശാന പെരുന്നാളിനെക്കുറിച്ച് മുൻകൂട്ടി പറഞ്ഞു. (സെഖ. 9:9.)

യേശു ജനിക്കുന്നതിന് നൂറ്റാണ്ടുകൾക്കു മുമ്പാണ് ഇതെല്ലാം പറഞ്ഞത്. എല്ലാം നിറവേറി. ഇനി നിറവേറാനുള്ളത് യേശുവിന്റെ രണ്ടാമത്തെ വരവാണ്. യേശു വീണ്ടും വരും. ഈ പ്രവചനവും നിറവേറും

ഒരു ചെറുപ്പക്കാരനെക്കുറിച്ച് ഞാൻ വായിച്ചു. അവൻ ധനാഢ്യനാണ്, അവൻ മരുന്നുകട നടത്തുന്നവനാണ്. അവൻ നിരീശ്വരവാദിയാണ്.

ഒരു ദിവസം അവന്റെ കടയിൽ മെലിഞ്ഞ ഒരു പെൺകുട്ടി ഓടിവന്നു. “എനിക്ക് ഈ മരുന്ന് വേഗം തരണേ. എന്റെ അപ്പൻ അത്യാസന്നനായി കിടക്കുന്നു. ഈ മരുന്നേ ഇനി പോംവഴിയുള്ളൂ എന്നാണ് ഡോക്ടർ പറഞ്ഞിരിക്കുന്നത്” മരുന്ന് വേഗം മേടിച്ചുകൊണ്ട് ആ പെൺക്കുട്ടി ഓടിപ്പോയി.

ഈ ചെറുപ്പക്കാരൻ യദൃച്ഛയാ മേശപ്പുറത്തു നോക്കിയപ്പോൾ അവൾ കൊണ്ടുവന്ന ഡോക്ടറെഴുതിയ കുറിപ്പടി മേശപ്പുറത്ത് ഇരിക്കുകയാണ്. ‘അയ്യോ’ എന്ന് പറഞ്ഞുപോയി കാരണം കൊടുത്ത മരുന്ന് ഡോക്ടർ എഴുതിയ മരുന്നല്ല. നേരെ വിപരീത ഫലം ഉണ്ടാക്കുന്ന മരുന്നാണ് കൊടുത്തുവിട്ടത്. ഈ മരുന്ന് ആ രോഗി കഴിച്ചാൽ ഉടൻ മരിക്കും. എന്തുവേണ്ടു ആ പെൺകുട്ടി ആരാണെന്നറിഞ്ഞുകൂടാ. എങ്കിൽ ഓടിപ്പോയി കൊടുക്കാമായിരുന്നു. അയ്യോ ആ മരുന്ന് കൊടുക്കല്ലേ എന്നു വിളിച്ചുപറയാമായിരുന്നു. ഒരു നിർവ്വാഹവുമില്ല ഏതോ ഒരു പെൺകുട്ടി വന്നു, മരുന്നെടുത്തുകൊടുത്തു, രൂപയും മേടിച്ചു. അവൻ വാസ്തവമായിട്ട് പറഞ്ഞു: ഒരു ദൈവമുണ്ടെങ്കിൽ ആ മരുന്ന് ആ രോഗിക്ക് കൊടുക്കാൻ ഇടയാവല്ലേ, ദൈവം ഉണ്ടെങ്കിൽ എന്റെ പ്രാർത്ഥന കേൾക്കണം.

അല്പം കഴിഞ്ഞപ്പോൾ ഈ പെൺകുട്ടി നിലവിളിച്ചുകൊണ്ടു ഓടിവരുന്നു, അപ്പൻ മരിച്ചുകാണണം.

അവൻ ബദ്ധപ്പെട്ടു ചോദിച്ചു: മോളെ എന്താ പറ്റിയത്?

എന്റെ സാറെ ഒരു അബദ്ധം പറ്റിപ്പോയി ഞാൻ തിടുക്കത്തിൽ ഓടിയപ്പോൾ ആ മരുന്നുകുപ്പി എന്റെ കൈയ്യിൽ നിന്ന് പൊട്ടിപ്പോയി. ഒരിറ്റു മരുന്നുപോലും അതിനകത്ത്

ഇല്ല. എന്റെ സാറെ ഞാനെന്തു ചെയ്യാനാ? എന്റെ കൈയ്യിൽ ഒറ്റ രൂപയുമില്ല. കടമായിട്ടെങ്കിലും ആ മരുന്നുതരാമോ?

അയാൾ ഉടനെ മരുന്നുകൊടുത്തു അവളെ പറഞ്ഞു വിട്ടു.

അവൻ ദൈവവിശ്വസിയായി. തെളിവുകിട്ടിയതുകൊണ്ടാണ് അവൻ വിശ്വാസിയായത്. നിങ്ങൾ അല്പം പോലും സംശയിക്കാതെ വിശ്വസിക്കൂ, ദൈവം ജീവിക്കുന്നു ദൈവം എല്ലാം കാണുന്നു. കർത്താവായ യേശുക്രിസ്തുവാണ് ആ ദൈവം. ആ ദൈവം നമുക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകനാണ്, സാക്ഷാൽ ദൈവത്തെ മനുഷ്യർക്ക് അറിയാത്തതുകൊണ്ട് ദൈവം ആരാണെന്ന് വെളിപ്പെടുത്താൻ ഭൂമിയിലേക്കു ഇറങ്ങിവന്ന കർത്താവാണ് യേശുക്രിസ്തു. യേശുക്രിസ്തു ക്രൂശിൽ മരിച്ചു ഉയർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്തു. എന്നാൽ ഇന്നും യേശുക്രിസ്തു നമ്മുടെ കൂടെ ഉണ്ട്, അരികത്ത് ഉണ്ട്. ആ യേശുവിന്റെ പരിശുദ്ധാത്മാവാണ് ഇപ്പോൾ നിന്റെ അരികത്ത് നിൽക്കുന്നത്. അത് പിതാവായ ദൈവം തന്നെയാണ്. അതു പുത്രനായ ദൈവം തന്നെയാണ്, അത് പരിശുദ്ധാത്മാവായ ദൈവം തന്നെയാണ്. ആ ജീവനുള്ള ദൈവം ഇതാ നിന്റെ അരികത്തു വന്നു നിൽക്കുന്നു. പരിശുദ്ധാത്മാവേ ഇപ്പോൾ എന്നോട് മനസ്സലിഞ്ഞ് നീ പറയുന്നതെല്ലാം നൂറുശതമാനം വിശ്വസിച്ച് നിന്നെ കൈക്കൊള്ളാൻ എനിക്ക് ഭാഗ്യം തരണമേ എന്നു പ്രാർത്ഥിക്കൂ.

മറക്കല്ലേ! യേശുക്രിസ്തു വീണ്ടും വരും. ഞാൻ കെമിസ്ട്രി ലാബിൽ പോയി പരീക്ഷണം നടത്തിയില്ല. എന്നാൽ പൊട്ടാസ്യം പെർമാൻഗനൈറ്റും മാൻഗനീസ് ഡയോക്സൈയ്ഡും കൂട്ടിയോജിപ്പിച്ച് തിളപ്പിക്കുമ്പോൾ

ഓക്സിജൻ ഉണ്ടാകുമെന്ന് സാർ പഠിപ്പിച്ചു അത് ഞാൻ വിശ്വസിക്കുന്നു. അറിവുള്ളവർ പറഞ്ഞു തന്നു ഞാൻ വിശ്വസിക്കുകയാണ്. 1757 –ൽ പ്ലാസി യുദ്ധം നടത്തിയെന്ന് നാം പഠിക്കുന്നു. നാമാരും ആ കാലത്ത് ജീവിച്ചിട്ടില്ല, നേരിട്ട് കണ്ടാലേ വിശ്വസിക്കൂ എന്നു പറയുന്നില്ലല്ലൊ. ബുദ്ധിയുള്ളവരും അറിവുള്ളവരും പഠിത്തമുള്ളവരും പറഞ്ഞു ഞാനത് വിശ്വസിക്കുന്നു.

എന്റെ കർത്താവേ അതുപോലെ യേശു വീണ്ടും വരും എന്ന് ഞാൻ വിശ്വസിക്കുന്നു. ചരിത്രം ഞാൻ വിശ്വസിക്കുന്നു. 1947– ൽ ഭാരതത്തിന് സ്വാതന്ത്ര്യം കിട്ടിയെന്നു വിശ്വസിക്കുന്നു. മഹാത്മജിയാണ് സ്വാതന്ത്ര്യം നേടിത്തന്നതെന്ന് ഞാൻ വിശ്വസിക്കുന്നു. ഗാന്ധിജിയെ ഞാൻ കണ്ടിട്ടില്ല ആ കാലത്ത് ഞാൻ ജീവിച്ചിരുന്നിട്ടില്ല, പക്ഷേ ഞാൻ വിശ്വസിക്കുന്നു.

ഒരു എളിയ വിശ്വാസം. ഒരു ലളിതമായ വിശ്വാസം യേശും വീണ്ടും വരും. വേദപുസ്തം പറയുന്നു പരിശുദ്ധാത്മാവ് പറയുന്നു, അറിയാവുന്നവർ പറയുന്നു മാലാഖമാർ പറയുന്നു, വിശുദ്ധന്മാർ പറയുന്നു, പ്രവാചകന്മാർ പറയുന്നു. ഞാനതെല്ലാം കേൾക്കുന്നു, യേശു വീണ്ടു വരും ഞാൻ വിശ്വസിക്കുന്നു.

ഹാമാൻ എതിർ ക്രിസ്തുവിന്റെ നിഴലാണ്. ഹാമാൻ യഹൂദ ജാതിയുടെ ശത്രുവാണ്. എസ്ഥേർ മൂന്നാം അദ്ധ്യായം ഒന്നാം വാക്യം ശ്രദ്ധിക്കൂ: "അഹശ്വേരോശ് രാജാവ് ആഗാഗ്യനായ ഹമ്മെദാഥയുടെ മകൻ ഹാമാന് കയറ്റവും ഉന്നത പദവിയും കൊടുത്തു."

ആഗാഗ് എന്നൊരാൾ ഉണ്ടായിരുന്നു അയാൾ അമാലേക്യ രാജാവാണ്. ശൗൽ രാജാവിനോട് പ്രവാചകൻ പറഞ്ഞിരുന്നു അമാലേക്യരെ ആരേയും ബാക്കിവച്ചേക്കരുത് എന്ന്. എന്നാലും ശൗൽ രാജാവ് അമാലേക്യനായ ആഗാഗ് രാജാവിനെ ജീവനോടെ സൂക്ഷിച്ചു. 1 ശമുവേൽ 15–ാം അദ്ധ്യായം 8–ാം വാക്യം: "അമാലേക്യരുടെ രാജാവായ ആഗാഗിനെ ജീവനോടെ പിടിച്ചു." അമാലേക്യരെ നിർമ്മൂലമാക്കണമെന്നായിരുന്നു ദൈവം പ്രവാചകനിൽകൂടി ശൗലിന് കൊടുത്ത കൽപ്പന പുറപ്പാട് പുസ്തകം 17–ാം അധ്യായം 8 മുതൽ 16 വരെ വാക്യം വായിക്കമ്പോൾ കാണാം:

രഫീദീമിൽ വച്ച് അമാലേക്ക് ഇസ്രായേലിനോടു യുദ്ധം ചെയ്തു എന്ന്. ദൈവമക്കൾ കനാനിലേക്ക് യാത്ര ചെയ്യുമ്പോൾ അവരെ തടയാൻ വന്ന പുറ ജാതി രാജാവാണ് അമാലേക്.

യോശുവ അമലേക്യനെയും അവന്റെ ജനത്തെയും വാളിന്റെ വായ്ത്തലയാൽ തോൽപ്പിച്ചു. യഹോവ മോശയോട് അരുളിച്ചെയ്തു:

> "നീ ഇത് ഓർമ്മയ്ക്കായിട്ട് ഒരു പുസ്തകത്തിൽ എഴുതി യോശുവയെ കേൾപ്പിക്ക, ഞാൻ അമാലേക്യന്റെ ഓർമ്മ ആകാശത്തിന്റെ കീഴെ നിന്ന് അശേഷം മായിച്ചുകളയും..... യഹോവയുടെ സിംഹാസനത്താണ യഹോവയ്ക്ക് അമലേക്യരോട് തലമുറ തലമുറയായി യുദ്ധമുണ്ട്."
>
> പുറപ്പാട്17:14–18

"സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: യിസ്രായേൽ മിസ്രയീമിൽ നിന്ന് പുറപ്പെട്ടുവരുമ്പോൾ വഴിയിൽ വച്ച് അമാലേക്യർ അവരെ ആക്രമിച്ച് അവരോടു ചെയ്തതിനെ ഞാൻ കുറിച്ചു വച്ചിരിക്കുന്നു.

ആകയാൽ നീ ചെന്ന് അമാലേക്യരെ തോൽപ്പിച്ച്, അവക്കുള്ളതൊക്കെയും നിർമ്മൂലമാക്കിക്കളയുക. അവരോട് കനിവ് തോന്നരുത്, പുരുഷന്മാരെയും, സ്ത്രീകളെയും കുട്ടികളെയും മുലകുടിക്കുന്നവരെയും കാള, ആട്, ഒട്ടകം, കഴുത എന്നിവയെയും സംഹരിച്ചു കളയുക."

1 ശമു. 15:2–3

ശൗൽ എന്താണ് ചെയ്തതെന്നു 7–ാം വാക്യം മുതൽ കാണാം.

"പിന്നെ ശൗൽ ഹവീലാ മുതൽ മിസ്രയീമിന്നു കിഴക്കുള്ള ശൂർ വരെ അമാലേക്യരെ സംഹരിച്ചു. അമാലേക്യരുടെ രാജാവായ ആഗാഗിനെ ജീവനോടെ പിടിച്ചു. ജനങ്ങളെ ഒക്കെയും വാളിന്റെ വായ്ത്തലയാൽ നിർമ്മൂലമാക്കി. എന്നാൽ ശൗലും ജനവും ആഗാഗിനെയും ആട്, മാട്, തടിച്ച മൃഗം എന്നിവയിൽ മേൽത്തരമായവയെയും കുഞ്ഞാടുകളെയും ഉത്തമമായവയെ ഒക്കെയും നിർമ്മൂലമാക്കുവാൻ മനസ്സില്ലാതെ ജീവനോടെ സൂക്ഷിച്ചു. ഹീനവും നിസ്സാരമായതൊക്കെയും അവർ നിർമ്മൂലമാക്കി കളഞ്ഞു."

1 ശമു. 15:7–9

പൂർണ്ണമായി അനുസരിച്ചില്ല. ഫലമോ ശൗൽ രാജാവ് രാജസ്ഥാനത്ത് നിന്നും അധികാരത്തിൽ നിന്നും മാറ്റപ്പെട്ടു. പകരം ദാവീദിനെ രാജസ്ഥാനത്ത് നിയമിച്ചു.

അമാലേക്യനായ ആഗാഗിന്റെ വംശത്തിലുള്ളവനാണ് ഹാമാൻ. എസ്ഥേറിന്റെ പുസ്തകം 7-ാം അദ്ധ്യായം 6-ാം വാക്യം "വൈരിയും ശത്രുവും ഈ ദുഷ്ടനായ ഹാമാൻ തന്നെ." എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

ദൈവജനത്തിന്റെ ശത്രുവാണ് ഹാമാൻ. എന്നാൽ ദുഷ്ട ശത്രുവായ ഹാമാന്റെ ശത്രുത്വത്തിൽ നിന്നും ആക്രമണത്തിൽ നിന്നും ദൈവം തന്റെ ജനത്തെ രക്ഷിച്ചു. മൊർദ്ദെഖായിയും എസ്ഥേറും അതിനുവേണ്ടി ദൈവസന്നിധിയിൽ വിശ്വസ്തതയോടെ നിന്നു.

ദുഷ്ട മനുഷ്യരിൽ നിന്ന് പീഡയും ഉപദ്രവവും ഉണ്ടാകുമ്പോൾ സങ്കീർത്തനക്കാരനോടു ചേർന്ന് നമുക്കുപറയാം:

> "യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു. ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം; ഞാൻ ആരെ പേടിക്കും? എന്റെ വൈരികളും ശത്രുക്കളുമായ ദുഷ്ക്കർമ്മികൾ എന്റെ മാംസം തിന്നുവാൻ എന്നോടു അടുക്കുമ്പോൾ ഇടറി വീഴും. ഒരു സൈന്യം എന്റെ നേരെ പാളയമിറങ്ങിയാലും എന്റെ ഹൃദയം ഭയപ്പെടുകയില്ല. എനിക്ക് യുദ്ധം നേരിട്ടാലും ഞാൻ നിർഭയനായിരിക്കും."
>
> സങ്കീ. 27:1-3

# ഏഴ്

ഈ പാട്ട് നിങ്ങൾക്കറിയാമോ?

"ഒന്നുമില്ലെങ്കിലും, ഒന്നുമല്ലെങ്കിലും ദൈവം ഉണ്ടെങ്കിൽ എല്ലാമല്ലേ.

എല്ലാമുണ്ടെങ്കിലും എന്തുമായെങ്കിലും ദൈവമില്ലെങ്കിൽ പാഴാവില്ലേ?

സ്വന്തമുണ്ടെങ്കിലും ബന്ധമുണ്ടെങ്കിലും ഉള്ളിനുള്ളിൽ നീ ഒറ്റയ്ക്കല്ലേ..

ഏകയാണെങ്കിലും ഏഴയാണെങ്കിലും ദൈവമെന്നും കൂട്ടായില്ലേ..

ശക്തിയുണ്ടെങ്കിലും ബുദ്ധിമാനാകിലും

നിന്നോടു  പോലും നീ തോല്ക്കാറില്ലേ

അന്ധയാണെങ്കിലുംബധിരയാണെങ്കിലും

യേശുവിൻ സ്നേഹം തുണയായില്ലേ"

എസ്ഥേറിന്റെ പുസ്തകം മൂന്നാം അദ്ധ്യായത്തിന്റെ അവസാന വാക്യം നാം കണ്ടല്ലോ. "രാജാവും ഹാമാനും കുടിപ്പാൻ ഇരുന്നു, ശൂശൻ പട്ടണമോ കലങ്ങിപോയി." തുടർന്ന് 8-ാം അദ്ധ്യായത്തിന്റെ 15 ഉം 16 വാക്യങ്ങൾ നമുക്ക് നോക്കാം.

> "എന്നാൽ മൊർദ്ദേഖായി നീലവും ശുഭ്രവുമായ രാജവസ്ത്രവും വലിയ പൊൻകിരീടവും ചണനൂൽ കൊണ്ടുള്ള രക്താംബരവും ധരിച്ച് രാജസന്നിധിയിൽ നിന്ന് പുറപ്പെട്ടു, ശൂശൻ പട്ടണം ആർത്തു സന്തോഷിച്ചു. യഹൂദൻമാർക്ക് പ്രകാശവും സന്തോഷവും ആനന്ദവും ബഹുമാനവും ഉണ്ടായി."
>
> എസ്ഥേർ. 8:15-16

പട്ടണത്തിൽ ഇപ്പോൾ സന്തോഷം ഉണ്ടായി ശൂശൻ പട്ടണം ആർത്തു ചിരിച്ചു യഹൂദന്മാർക്ക് പ്രകാശവും സന്തോഷവും ആനന്ദവും ബഹുമാനവും ഉണ്ടായി. ഇന്ന് നമുക്ക് കലക്കം ഉണ്ട് കലക്കം വരുത്തുന്നത് എതിർക്രിസ്തുവാണ് എതിർക്രിസ്തുവിന്റെ ആത്മാവാണ്, എവിടെ കലക്കമുണ്ടോ അതിന്റെ പിന്നിൽ എതിർ ക്രിസ്തുവിന്റെ ആത്മാവുണ്ട്.

എസ്ഥേറിന്റെ പുസ്തകത്തിൽ 9-ാം അദ്ധ്യായം 17-ാം വാക്യം "ആ മാസം 14-ാം തീയതി അവർ വിശ്രമിച്ചു വിരുന്നും സന്തോഷവും ഉള്ള ദിവസമായി അതിനെ ആചരിച്ചു." ആ മാസം 14-ാം തീയതി വിശ്രമത്തിന്റെ ദിവസമാണ്. വിരുന്നിന്റെ ദിവസമാണ്. അങ്ങനെ സന്തോഷമായി ഉത്സവം ആചരിച്ചു അടുത്തവാക്യം "ശൂശനിലെ യഹൂദന്മാർ ആ മാസം 13-ാം തീയതിയും 14-ാം തീയതിയും ഒന്നിച്ചുകൂടി 15-ാം തീയതി അവർ വിശ്രമിച്ചു" അതിനെ വിരുന്നും സന്തോഷ

വുമുള്ള ദിവസമായിട്ടാണ് അവർ ഒത്തുകൂടി ആചരിച്ചത്. 19–ാം വാക്യം:

"അതുകൊണ്ട് മതിലില്ലാത്ത പട്ടണങ്ങളിൽ പാർക്കുന്ന നാട്ടുമ്പുറങ്ങളിൽ പാർക്കുന്ന യഹൂദന്മാർ 14–ാം തീയതിയെ സന്തോഷവും വിരുന്നുമുള്ള ദിവസവും ഉത്സവ ദിനവുമായിട്ട് ആചരിക്കുകയും തമ്മിൽ തമ്മിൽ സമ്മാനങ്ങൾ കൊടുത്തയയ്ക്കുകയും ചെയ്തു."

20–ാം വാക്യം.

"ആണ്ടുതോറും ആദാർ മാസം പതിന്നാലും പതിനഞ്ചും തീയതിയെ യഹൂദന്മാർ തങ്ങളുടെ ശത്രുക്കളുടെ കൈയ്യിൽ നിന്ന് ഒഴിഞ്ഞ് വിശ്രമിച്ച ദിവസങ്ങളായിട്ടും ദു:ഖമവർക്ക് സന്തോഷമായും വിലാപം അവർക്ക് ഉത്സവമായും തീർന്ന മാസമായിട്ടും ആചരിക്കണമെന്നും അവയെ വിരുന്നും സന്തോഷവുമുള്ള നാളുകളും തമ്മിൽ തമ്മിൽ സമ്മാനങ്ങളും ദരിദ്രന്മാർക്ക് ദാനധർമ്മങ്ങളും കൊടുക്കുന്ന നാളും ആയിട്ട് ആചരിക്കണമെന്നും ശത്രുക്കളുടെ കൈയ്യിൽ നിന്ന് ഒഴിഞ്ഞ് വിശ്രമിച്ച ദിനങ്ങളായിട്ടും ദു:ഖമവർക്ക് സന്തോഷമായും വിലാപം അവർക്ക് ഉത്സവവും ആയിത്തീർന്ന മാസമായിട്ടും ആചരിക്കണമെന്നും തീരുമാനിച്ചു."

ഇങ്ങനെ ശൂശൻ പട്ടണം കലങ്ങിപ്പോയപ്പോൾ ആർത്തു സന്തോഷിക്കാൻ ഇടയായതിനു കാരണം 8–ാം അദ്ധ്യായം 6–ാം വാക്യം:

> "എന്റെ ജനത്തിന് വരുന്ന അനർത്ഥം ഞാൻ എങ്ങനെ കണ്ടു സഹിക്കും, എന്റെ വംശ ത്തിന്റെ നാശവും ഞാൻ എങ്ങനെ കണ്ടു സഹിക്കും."?

എന്ന് എസ്ഥേർ പറയുന്ന സമർപ്പണമാണ്.

എന്റെ ജനത്തിന് വരുന്ന അനർത്ഥം ഞാൻ എങ്ങനെ കണ്ട് സഹിക്കും? എന്റെ കുടുംബം നശിക്കുന്നു. എന്റെ കുടുംബം മുടിയുന്നു. എന്റെ മക്കൾ നശിക്കുന്നു. എന്റെ തലമുറ മുടിയുന്നു. എന്റെ ദൈവമേ എന്റെ വംശം നശി ക്കുന്നു. എന്റെ കർത്താവേ എന്റെ ഭാവി ഇരുളടഞ്ഞുപോ കുന്നു. എന്റെ നാടു മുടിയുന്നു. എന്റെ സഭമുടിയുന്നു. എങ്ങനെ സഹിക്കും.?

> "എന്റെ ജനത്തിന് വരുന്ന അനർത്ഥം ഞാൻ എങ്ങനെ സഹിക്കും. എന്റെ വംശത്തിന് വരുന്ന നാശവും ഞാൻ എങ്ങനെ കണ്ട് സഹിക്കും." എന്ന ഒരു ഭാരം നമുക്കു വരണം.
>
> എസ്ഥേർ. 8:6

എന്റെ ജനത്തിനു വരുന്ന അനർത്ഥം ഞാൻ എങ്ങനെ കണ്ടു സഹിക്കും എന്റെ വംശത്തിന്റെ നാശവും ഞാൻ എങ്ങനെകണ്ടു സഹിക്കും എന്ന ഭാരം വന്നാൽ മാത്രം പോരാ, ഒരു കാര്യം കൂടി ചെയ്യണം അത് എന്താണ്?

> "നീ ചെന്ന് ശൂശനിലുള്ള എല്ലാ യഹൂദന്മാ രെയും ഒന്നിച്ച് കൂട്ടി: നിങ്ങൾ മൂന്നു ദിവസം രാവും പകലും തിന്നുകയോ കുടിക്കുകയോ ചെയ്യാതെ എനിക്കുവേണ്ടി ഉപവസിപ്പിൻ

> ഞാനും എന്റെ ബാല്ല്യക്കാരത്തികളും അങ്ങനെതന്നെ ഉപവസിക്കും, പിന്നെ ഞാൻ നിയമപ്രകാരമല്ലെങ്കിലും രാജാവിന്റെ അടുക്കൽ ചെല്ലും, ഞാൻ നശിക്കുന്നുവെങ്കിൽ നശിക്കട്ടെ."
>
> എസ്ഥേർ. 4:16

ഞാൻ ഒരാൾ നശിക്കുന്നുവെങ്കിൽ നശിക്കട്ടെ എന്ന് എസ്ഥേർ സമർപ്പിച്ചു. ഞാനൊരാൾ എരിഞ്ഞ് തീരട്ടെ.

പരിശുദ്ധാത്മാവിന്റെ പ്രതീകമാണ് മൊദ്ദെഖായി. എസ്ഥേറിന് വല്ല കുഴപ്പവുമുണ്ടോ എന്ന് ശ്രദ്ധിക്കുന്നവനാണ് മൊർദ്ദെഖായി.

മൊർദ്ദെഖായി എപ്പോഴും എസ്ഥേറിന്റെ കാര്യം ചിന്തിച്ചുകൊണ്ടിരുന്നു. നമ്മുടെ കാര്യം ചിന്തിക്കാൻ പരിശുദ്ധാത്മാവ് ഉണ്ട്.

> "ഞാനോ എളിയവനും ദരിദ്രനുമാകുന്നു. എങ്കിലും കർത്താവ് എന്നെ വിചാരിക്കുന്നു."
>
> സങ്കീ. 40:17

മൊർദ്ദെഖായിയുടെ അഭിപ്രായം സ്വീകരിക്കുന്നിടത്തോളം അവൾക്ക് ധൈര്യമായിരുന്നു. പ്രത്യാശയായിരുന്നു.

പരിശുദ്ധാത്മാവിന്റെ ആലോചനയ്ക്കും നടത്തിപ്പിനും അനുസൃതമായി നാം ജീവിക്കുന്നതാണ് ഐശ്വര്യവും സമാധാനവും ലഭിക്കാൻ അത്യന്താപേക്ഷിതമായിട്ടുള്ളത്. അതാണ് എസ്ഥേറിന്റെ പുസ്തകത്തിന്റെ സന്ദേശം.

“ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കുതന്നെ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു” എന്ന് റോമർ 8:28-ൽ പറയുന്ന മഹദ്വചന ത്തിന്റെ സാക്ഷാൽക്കാരമാണ് എസ്ഥേറിന്റെ പുസ്തകം.

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭ ഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ ?
14. നീതിമാൻ ആകുന്നതെങ്ങനെ ?
15. തുറന്ന വാതിൽ
16. വരവും ചെലവും
17. ദൈവരാജ്യം
18. AMRUTHADHARA (ENGLISH)
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മ വ്യാപാരം
23. പരിശുദ്ധാത്മ ശക്തി
24. ഉത്തമ ഗീതം
25. സങ്കേത നഗരങ്ങൾ
26. മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി

*(Contd..)*

29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടു തോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല, പ്രവാചക ശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT (English)
41. WAY TO LIBERATION (English)
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെത്തൊട്ടതാർ ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ ?
46. അത് സഹിക്കാകുന്നവൻ ആർ ?
47. എന്നെ ആർ വിടുവിക്കും ?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED ?
52. കണ്ണീർപ്പാടം – ഭാഗം ഒന്ന്
53. കണ്ണീർപ്പാടം – ഭാഗം രണ്ട്
54. BESIDE CHERITH - ENGLIGH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക

# അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| വെള്ളി | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : 6.30 AM |
| ശനി | സൂര്യ ടിവി | : 6.30 AM |
| ഞായർ | ജീവൻ ടിവി | : 6.30 AM |

**പ്രൊഫ. എം.വൈ. യോഹന്നാൻ**

മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ് കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

## CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.00 AM - 2.00 PM | മേച്ചങ്കര, പ്രൊഫ. എം. വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് - **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30PM - 5.00PM | |
| മൂന്നാം ഞായറാഴ്ച | 12.30PM - 5.00PM | |
| എല്ലാ തിങ്കളാഴ്ചയും | 6.00PM - 8.00PM | |
| ഒന്നാം ചൊവ്വാഴ്ച (വനിതാ സമ്മേളനം) | 9.00AM - 1.00PM | |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്) | 6.00AM - 8.00PM | പ്രൊഫ. സി. എം. മാത്യു, ചാന്ത്യം - ഭവനം കോലഞ്ചേരി |
| ഒന്നും മൂന്നും ബുധനാഴ്ച (യുവാക്കളുടെ സമ്മേളനം) | 6.30AM - 9.00PM | |